വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2020
ആഗസ്റ്റ്

Coirfed

# കയർ
## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)






രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി കേരളസംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിച്ച ഡീഫൈബറിംഗ് മെഷീൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാറിന് കൈമാറുന്നു. മന്ത്രിമാരായ ഡോ.ടി.എം. തോമസ് ഐസക്, പി. തിലോത്തമൻ എന്നിവർ സമീപം.

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-4, No.-1**
Established in 1998
Founder Chief Editor:
**Anathalavattom Anandan**


*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**



കോവിഡും
സാനിമാറ്റും
ഡോ. ടി.എം. തോമസ് ഐസക്
PAGE 16

PAGE 18



കയർ
പുനസംഘടനാപദ്ധതി
അഡ്വ. എൻ. സായികുമാർ

PAGE 20



ആലപ്പുഴ
പൈതൃകപദ്ധതി
പി.എം. നൗഷാദ്

PAGE 22



വിട്ടുവീഴ്ചയില്ലാത്ത
പ്രക്ഷോഭകാരി
സൗമ്യനായ സംഘാടകൻ:
ആനത്തലവട്ടം ആനന്ദൻ
രോഹിത് ജോസഫ്

PAGE 32



സ്വർണ്ണവർണ്ണ
പഥങ്ങളിലൂടെ
കയർവ്യവസായം
ജോഷി എബ്രഹാം

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.
ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**



ആശംസകളോടെ...

# Pan India

**Coir Products Manufactures of Coco-Husk Fibers, Coco Peath and Coir Products Thalipoyil, Mampad,**

Nilambur-676542 , Malappuram , KERALA

Email : picoirs@gmail.com Ph. 98462 63860, 9846833330




ആശംസകളോടെ...

# T.G.Polymers & Co.

**An ISO 9001-2015 Certified Company**

Muhamma P.O., Alappuzha
Kerala-688 525, India
e-mail: tgpolymer@gmail.com
web: www.tgpolymers.com

MANUFACTURERS OF : Laminated & Unlaminated HDPE & PP Woven Sacks, BOPP Multi Colour Printed Sacks, Leno Bags, HM, HDPE, PP, LDPE Polybags Sheets, Rolls, Shrink Film, Stretch Film, Semi Embossed Film, Jumbo Liners, Paper Sandwich Bags, Paper Multi Wall Bag, Mulch Sheet & Planting Bags, Biodegradable Garbage Bags & Grow Bags with Multi Colour Printing.

**Ph: 91 478 2863619, 2865332, 9387123999, 9349424129**

ആശംസകളോടെ...

# KUMAR FIBRE

Thirur, Ph: 9995017299

ആശംസകളോടെ...

# Blue Dot

FABRICS AND STITCHING CENTER

സ്കൂൾ,കോളേജ് കോർപ്പറേറ്റ് യൂണിഫോംസ്
AVAILABLE

ചുരിദാർ മെറ്റീരിയൽ
ടോപ്പ്, കോട്ടൻ സാരി
ജെൻസ് ഷർട്ട്, ജീൻസ്
കോട്ടൻപാന്റ്, മുണ്ട്
എന്നിവ മിതമായ
നിരക്കിൽ ലഭ്യമാണ്.

നവീകരിച്ച ഷോറൂം
2020 ജനുവരി മുതൽ
കരുനാഗപ്പള്ളി
അഡ്വക്കേറ്റ് ലൈനിൽ
പ്രവർത്തനം
ആരംഭിച്ചിരിക്കുന്നു.

NEAR TOWN MASJID, ADVOCATE LANE, KARUNAGAPPALLY
bluedotfabrics@gmail.com | bluedotfabrics.com

0476 2625 884
9544 10 4446

കേരള സർക്കാർ
**പിണറായി വിജയൻ**
മുഖ്യമന്ത്രി



നം.486/പ്രസ്/സി.എം.ഒ/2020. ആഗസ്റ്റ് 12,2020

# സന്ദേശം

കയർ വ്യവസായ രംഗത്തെ വിശേഷങ്ങൾ പങ്കുവെക്കുന്ന കയർഫെഡ് മാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

തീരദേശമേഖലയുടെ സാമൂഹിക സാമ്പത്തിക രംഗത്ത് നിർണായക പങ്കുവഹിക്കുന്ന കയർ വ്യവസായം പുനഃസംഘടനയുടെ പന്ഥാവിലൂടെ സഞ്ചരിക്കുകയാണ്. ആ സഞ്ചാരപഥത്തിൽ തൊഴിലാളികൾക്കും വ്യവസായികൾക്കും പ്രചോദനവും ഊർജ്ജവും നിറയ്ക്കാൻ ഈ പ്രസിദ്ധീകരണത്തിന് സാധിക്കട്ടെ!

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 471 2318406, 2314853
www.keralacm.gov.in



## ഡോ.ടി.എം. തോമസ് ഐസക്

ധനം -കയർ വകുപ്പ് മന്ത്രി

# ആശംസ

കയർ വ്യവസായം ഒരു രണ്ടാം പുനസംഘടനയിലൂടെ നവീകരിക്കപ്പെടുന്ന ഘട്ടമാണിത്. ഈ നവീകരണ ശ്രമങ്ങളുടെ നെടുംതൂണായി പ്രവർത്തിക്കേണ്ട ഉത്തരവാദിത്തമാണ് കയർഫെഡിനുള്ളത്. ദ്വിമുഖ തന്ത്രത്തിലൂടെ വ്യവസായ ത്തിൽ നവോന്മേഷവും ആധുനീകരണവും കൊണ്ടുവരാനുള്ള പരിശ്രമങ്ങ ളാണ് നടത്തുന്നത്. പരമ്പരാഗത മേഖലയുടെ സംരക്ഷണം ഉറപ്പാക്കി വ്യവസാ യത്തിന്റെ എല്ലാ തലങ്ങളിലും ആധുനിക യന്ത്രവൽക്കരണത്തിൽ അധിഷ്ഠിതമായ നവീകരണം എന്ന താണ് ഈ ദ്വിമുഖതന്ത്രം. ഇത് വിജയകരമായി മുന്നേറുന്നു എന്നത് നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാണ്.

പരമ്പരാഗത മേഖലയിലെ കയർ, കയറുത്പന്നങ്ങൾ സർക്കാർ സംഭരിക്കുകയും പണം നൽകു കയും ചെയ്യും എന്നതാണ് ഈ തന്ത്രത്തിന്റെ ആദ്യവശം. ഇത് അക്ഷരം പ്രതി പാലിക്കാൻ സർക്കാർ എല്ലാവിധ പിൻതുണയും വ്യവസായത്തിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കയർ ഉത്പാദനം പ്രധാനമായും നടക്കുന്നത് കയർ സഹകരണ സംഘങ്ങളിലാണല്ലോ? അവയുടെ അപ്പക്സ് സ്ഥാപനമായ കയർഫെഡാണ് ഇവയിൽനിന്നടക്കം കയർ സംഭരിക്കുന്നത്. കയർ മേഖലയിലുണ്ടായ ഉണർവിന് തെളിവ് കയർ സംഭരണത്തിൽ ഉണ്ടായ കുതിച്ചു കയറ്റം തന്നെയാണ്. 7500 ടൺ കയറായിരുന്നു 2016ലെ സംഭരണം. വ്യവസായത്തിന്റെ പ്രൗഢകാലത്ത് 1 ലക്ഷം ടൺ കയറായിരുന്നു നമ്മുടെ ഉല്പാദനം എന്നതോർക്കണം. ഇങ്ങനെ ചില്ലറ ഉത്പാദനവും അതിനെ ചുറ്റിപറ്റിയുള്ള പ്രവർത്തനങ്ങളുമായി ഇഴഞ്ഞു നീങ്ങിയാൽ പോര. പഴയ പ്രൗഢിയിൽ എത്തിയില്ലെങ്കിലും ഒരു തിരിച്ചുവരവിന്റെ പാതയിലേയ്ക്ക് വ്യവസാ യത്തെ എത്തിക്കണം എന്നത് സർക്കാരിന്റെ നിശ്ചയമായിരുന്നു. കയർ ഉല്പാദനം ഗണ്യമായി ഉയർത്തണം. അങ്ങനെ അധികമായി ഉത്പാദിപ്പിക്കപ്പെടുന്ന കയർ ഉപയോഗിച്ച് പുത്തൻ ഉപയോഗ മേഖലകൾ കണ്ടെത്തി അതിനാവശ്യമായ ഉല്പന്നങ്ങൾ ഉണ്ടാക്കണം. കയറും കയറുത്പന്നങ്ങളും പണ്ടത്തെപോലെ ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ കുത്തകയല്ല. അയൽ സംസ്ഥാനങ്ങൾ ശക്തമായ മത്സരമാണ് ഉയർത്തുന്നത്. സാങ്കേ തിക വിദ്യയിൽ കൈവരിച്ച നേട്ടത്തിലൂടെ അവർ വിലയിലും ഗുണനിലവാരത്തിലും വലിയ മേൽക്കൈ നേടിയിട്ട് നാളേറെയായി. ചകിരി ഉല്പാദനം നാം ഏതാണ്ട് കൈയൊഴിഞ്ഞ നിലയായിരുന്നു. ഈ പ്രവണത മറികടക്കാതെ വ്യവസായത്തിന് നവോന്മേഷം കൈവരിക സാദ്ധ്യമല്ല. വിലയിലും ഗുണത്തിലും മത്സര ക്ഷമത നേടിയേ തീരൂ. അതിന് സാങ്കേതികവിദ്യ ഉപയോഗിച്ചേ മതിയാകൂ.

ഈ പൊതുചിത്രവും ലക്ഷ്യവും മനസിൽ വച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഇത് ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്. കയർ ഉത്പാദനം കഴിഞ്ഞ സാമ്പത്തിക വർഷം 20,000 ടൺ ആയി. ഈ വർഷം 40,000 ടണ്ണാണ് ലക്ഷ്യം. ഈ നവംബറോടെ കഴിഞ്ഞ വർഷത്തെ ആകെ ഉത്പാദനമായ 20,000 ടൺ എന്നത് കൈവരിക്കണം എന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ വർഷത്തെ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുക ളുടെ സ്ഥാപനം നാം ആസൂത്രണം ചെയ്ത രീതിയിൽ തന്നെ മുന്നേറണം. ഇപ്പോൾ 700 എ.എസ്.എമ്മുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 25 സഹകരണ സംഘങ്ങൾ രണ്ടു ഷിഫ്റ്റുകൾ പ്രവർത്തിപ്പിക്കാൻ പാകത്തിൽ തയ്യാ റായിക്കഴിഞ്ഞു. നവംബറോടെ 1000 എ.എസ്.എമ്മുകൾ ഉള്ള 100 ആധുനിക കയർപിരി ഫാക്ടറികൾ സ്ഥാപിക്ക പ്പെടും.കയറിന്റെ മുറുക്കം, മേനി, റണ്ണേജ് എല്ലാം വ്യവസായത്തിന് ആവശ്യമായ രീതിയിലാണെന്ന് ഉറപ്പാ ക്കണം. ഉല്പാദന ക്ഷമതയിൽ വിട്ടുവീഴ്ച്ച പാടില്ല. എ.എസ്.എമ്മുകളിലെ സേവനവേതന വ്യവസ്ഥകളും വ്യത്യസ്തമാണ്. 7 മണിക്കൂർ അദ്ധ്വാനത്തിന് സർക്കാർ സഹായമില്ലാതെ 500 രൂപ കൂലി കിട്ടുന്ന ഉല്പാദന ക്ഷമതയാണ് വേണ്ടത്. ഫാക്ടറി അന്തരീക്ഷം ആധുനികവും ആകണം.

ഇത്രയും കയർ ഉല്പാദിപ്പിക്കപ്പെടണമെങ്കിൽ രണ്ട് കാര്യങ്ങൾ കയർഫെഡ് ഉറപ്പാക്കണം. ചകിരി കൃത്യമായി എത്തിക്കണം. കയർ എടുത്ത് കൃത്യമായി പണവും നൽകണം. സർക്കാർ അധികാരത്തിൽ വരു മ്പോൾ കയർഫെഡിന്റെ ചകിരി സംഭരണം പൂർണ്ണമായും തമിഴ്നാട്ടിൽ നിന്നായിരുന്നു. ഇന്ന് സംഭരണം ഗണ്യമായി ഉയർന്നപ്പോഴും അതിന്റെ 45 ശതമാനം നമ്മുടെ നാട്ടിലെ പുതിയ ചകിരി മില്ലുകളിൽ നിന്നാണ്. 157 പുതിയ ചകിരി മില്ലുകളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചത്. ഈ വർഷം അത് 200 ആക്കാ നാണ് ശ്രമം.

ഇങ്ങനെ വ്യവസായം വളരുകയും ആധുനികമാവുകയുമാണ്. അതിന്റെ നെടുംതൂണാണ് കയർ ഫെഡ് എന്ന് പറഞ്ഞുവല്ലോ. കയർഫെഡിൽ ഇതിനൊത്ത നവീകരണവും ചിട്ടയും കൊണ്ടുവരുന്നതിന് നിങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വേഗത്തിലും ശക്തിയായും പൂർണ്ണമാക്കാൻ പ്രയത്നിക്കേണ്ട ഘട്ടമാണിത്. അതിനുള്ള എല്ലാ പിൻതുണയും സർക്കാർ നൽകുന്നുണ്ട്. അത് തുടരുക തന്നെ ചെയ്യും. നിങ്ങളിൽ അർ പ്പിതമായ ധർമ്മങ്ങൾ അതിന്റെ പൂർണ്ണ അർത്ഥത്തിൽ നിറവേറാനാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസി ക്കുന്നു.

**ഡോ.ടി.എം. തോമസ് ഐസക്**


കേരള സർക്കാർ, റൂം നമ്പർ 131, നോർത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

ഫോൺ: 0471-2333294, മൊബൈൽ: 9447733600

**ജി. സുധാകരൻ**
പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി: 17-08-2020



## ആശംസ

കയർ വ്യവസായത്തിന്റെ വളർച്ചയും പ്രവർത്തനങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് കയർഫെഡ് ആരംഭിച്ച 'കയർ വ്യവസായം' എന്ന മാസിക പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

കയർ-പരമ്പരാഗത വ്യവസായ മേഖലകളുടെ ഉന്നമനത്തിനായി ദീർഘവീക്ഷണത്തോടുകൂടിയ നിരവധി പദ്ധതികളാണ് പിണറായി സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്. കയർമേഖലയുടെ നവീകരണം ലക്ഷ്യമാക്കി വി.എസ്. സർക്കാരിന്റെ കാലത്ത് (2006-2011) കയർ വകുപ്പുമന്ത്രി എന്ന നിലയിൽ ആരംഭിച്ച നിരവധി പദ്ധതികൾ ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് മാന്യമായ വേതനം ലഭ്യമാക്കുന്നതിനും സഹായകരമായി. ഇക്കാലയളവിൽ ആലപ്പുഴയിൽ ആരംഭിച്ച കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പിനി ഈ രംഗത്ത് പുത്തൻ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിന് സഹായകരമായി.

അന്തർദേശീയ കയർ പ്രദർശനം (കയർ കേരള), നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിപുലീകരണം, ക്രയവില സ്ഥിരതാപദ്ധതി, Kerala Coir- The Golden Yarn of God's own Country എന്ന വിളംബരം, പുന്നപ്രയിലെ രാജീവ് ഗാന്ധി സ്മാരക കയർതൊഴിലാളി വയോജന കേന്ദ്രം, കയറിന് അന്തർദേശീയ തലത്തിൽ രജിസ്ട്രേഷൻ ലഭ്യമാക്കൽ, കയർഫെഡിന്റെ നവീകരണം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ ഇക്കാലയളവിൽ കയർമേഖലക്ക് കൈവരിക്കാനായി കേരളത്തിലെ 720ൽപ്പരം കയർ വ്യവസായ സഹകരണസംഘങ്ങളുടെ കേന്ദ്ര ഫെഡറേഷനായ കയർഫെഡ്, സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് ഫലപ്രദമായി വിതരണം ചെയ്യുന്നതിന് നടത്തുന്ന ഇടപെടലുകൾ അഭിനന്ദനാർഹമാണ്. കയർ അനുബന്ധ വ്യവസായമേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നിരവധി പദ്ധതികളാണ് രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികളുടെ ഗുണഫലം തൊഴിലാളികളിലേക്ക് എത്തിക്കുന്നതിന് കയർഫെഡ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

കയർ വ്യവസായം മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ജി. സുധാകരൻ

റൂം നമ്പർ 129, ഒന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 1
ഫോൺ-ഓഫീസ്: 0471-2333487 ഫാക്സ്: 0471-2333460 മൊബൈൽ : 9447755200
വസതി: 0471-2312330, 0471-2312331, 0477-2266853 ഇ-മെയിൽ : gsministerpwd16@gmail.com
വെബ്സൈറ്റ്: www.gsudhakaran.in, F: http://www.facebook.com/gs.sudhakaran



## പി. തിലോത്തമൻ

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി
കേരള സർക്കാർ

10/08/2020

### സന്ദേശം

കേരളത്തിന്റെ സമ്പദ്ഘടനയുടെ സുപ്രധാന ഭാഗമായിരുന്ന കയർമേഖല സമൃദ്ധമായ അതിന്റെ പഴയകാല പ്രതാപവും പൊലിമയും വീണ്ടെടുക്കാനുള്ള പാതയിലാണ്. രണ്ടാം കയർ പുനഃസംഘടനയുടെ ഈ വേളയിൽ കയർ മേഖലയുടെ നിലനിൽപ്പിന് താങ്ങും തണലുമായ, കേരളത്തിലെ കയർ സംഘങ്ങളുടെ കേന്ദ്ര ഫെഡറേഷനായി നിന്ന് കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും സംഭരണ-വിതരണത്തിൽ നിർണ്ണായകമായ സ്ഥാനം വഹിക്കുന്നതുമായ കയർഫെഡ് അതിന്റെ പ്രസിദ്ധീകരണമായ കയർ വ്യവസായം മാസികയ്ക്കും പുനർജീവൻ നൽകുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ആഗസ്റ്റ് മാസം മുതൽ ആരംഭിക്കുന്ന ഈ മാസികയ്ക്കും ഇതിന് പിന്നിൽ പ്രവർത്തിക്കുന്നവർക്കും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

**പി. തിലോത്തമൻ**

റൂം നമ്പർ 644, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001
ടെലഫോൺ : 0471 -2333371, 2327086
വസതി: അശോക, ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം
ഫോൺ: 0471-2312326, 0478-2573137 (ചേർത്തല) ഫാക്സ് : 0471-2321022
മൊബൈൽ : 9447584400 ഇ-മെയിൽ : min.food@kerala.gov.in



# രമേശ് ചെന്നിത്തല

**പ്രതിപക്ഷ നേതാവ്**

22/08/2020

## <u>സന്ദേശം</u>

കേരള തീരദേശമേഖലയുടെ നിർണായക പങ്ക് വഹിക്കുന്ന വ്യവസായമായി കയർ മേഖല മാറിയിരിക്കുകയാണ്. കയർഗ്രാമങ്ങളാലും കയർഉത്പന്നങ്ങളാലും നമ്മുടെ കേരളം ലോകത്തിന് മാതൃകയാകുകയാണ്. കയർവ്യവസായത്തിന്റെ പുരോഗതിയെ പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ വേണ്ടി കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന കയർവ്യവസായം മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

രമേശ് ചെന്നിത്തല

കന്റോൺമെന്റ് ഹൗസ് വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം– 695 033
ഫോൺ–ഓഫീസ് : 0471–2315625, 2512050. ഫാക്സ് : 0471– 2315625 വസതി : 0471 2318330
മൊബൈൽ : 9447777100, 9400355551, E-mail: rameshchennithala@gmail.com

Adv. A.M. ARIFF
Member of Parliament (Lok Sabha) Alappuzha, Kerala
Member, Standing Committee on Urban Development | Consultative Committee on Culture & Tourism

19.08.2020

## സന്ദേശം



കയർ കേരള 2019 ചിട്ടപ്പെടുത്തിയ രണ്ടാം കയർ പുനഃസംഘടന പ്രവർത്തനങ്ങളുടെ ഭാഗമായി കയർ വ്യവസായത്തെ കേരളത്തിന്റെ സ്വന്തം വ്യവസായമായി സംരക്ഷിക്കുവാൻ, ഉൽപാദനത്തിലും വിപണനത്തിലും പ്രസിഡന്റ് ശ്രീ. (അഡ്വ.) എൻ. സായികുമാറിന്റെ നേതൃത്വത്തിൽ സർവ്വകാല റെക്കോർഡ് സൃഷ്ടിച്ച് കയർഫെഡ് നടത്തിവരുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്.

കയർ വ്യവസായത്തിന്റെ വൈവിധ്യവൽക്കരണത്തിനും, സംരംഭകർക്കും മാർക്കറ്റിങ്ങിനും എല്ലാം പ്രയോജനപ്പെടുമായിരുന്ന 'കയർ വ്യവസായം' മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, കയർ വകുപ്പ് മന്ത്രി കൂടിയായ ഡോ. ടി.എം. തോമസ് ഐസക്ക് എന്നിവരുടെ പിന്തുണയോടെ പാർലമെന്റംഗം എന്ന നിലയിൽ ഞാനും കൂടി നിരന്തരമായി നടത്തിയ ഇടപെടലിന്റെ ഫലമായി കയർ ഭൂവസ്ത്രം PMGSY റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ നിർദേശിച്ചുകൊണ്ട് ബഹു. കേന്ദ്ര റോഡ് ഗതാഗതമന്ത്രി ശ്രീ. നിധിൻ ഗഡ്കരി ഉത്തരവ് നൽകിയതോടെ കയർ ഉപയോഗത്തിനും വിപണനത്തിനും വിപുലമായ സാധ്യതകളാണ് ലഭിച്ചിട്ടുള്ളത്. നമുക്ക് കൂട്ടായി പരിശ്രമിച്ചാൽ എല്ലാ സംസ്ഥാന സർക്കാരുകളെയും കൊണ്ട് കയർഭൂവസ്ത്രം വാങ്ങിപ്പിക്കുവാനും ഉപയോഗിപ്പിക്കുവാനും കഴിയും. അതിനുള്ള കൂട്ടായ പരിശ്രമം നമ്മൾ നടത്തണമെന്ന അഭ്യർത്ഥനയും പ്രതീക്ഷയും ഞാനിവിടെ പങ്കുവയ്ക്കുന്നു. ഇതോടൊപ്പം, ചകിരി ഉൽപാദനത്തിന് കുടുംബശ്രീ പ്രസ്ഥാനവുമായി സഹകരിച്ച് ഒരു കർമ്മപദ്ധതി തയാറാക്കുന്ന കാര്യം ഉന്നതതല ആലോചനകളിൽ പരിഗണിക്കണമെന്ന നിർദ്ദേശം കൂടി സമർപ്പിക്കുന്നു.

കയർ വ്യവസായത്തെക്കുറിച്ചുള്ള സമഗ്രമായ വിജ്ഞാനത്തിന് പ്രയോജനപ്പെടുന്ന ഒന്നായിത്തീരട്ടെ പുനഃപ്രസിദ്ധീകരിക്കുന്ന കയർ വ്യവസായം മാസിക എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു.

സ്നേഹപൂർവ്വം

എ.എം. ആരിഫ് എം.പി

MP Office, Thiruvampady P.O, Alappuzha, Kerala - 688 002. Ph: +91 477 2230665, Fax: +91 477 2950665
Delhi Address: 408, Vithalbhai Patel House, Rafi Marg, New Delhi - 110 001, Ph: 011-23313031, Mob: +91 9447260665
Res: Arunyam, Thiruvampady P.O, Alappuzha, Kerala - 688 002
E-mail: amarifmp@gmail.com / alappuzhampoffice@gmail.com | Web. www. amariff.com



**ആനത്തലവട്ടം ആനന്ദൻ Ex. MLA**
വൈസ് ചെയർമാൻ
അപ്പക്സ് ബോഡി ഫോർ കയർ
തിരുവനന്തപുരം
ഫോൺ: 0470 2340363, 9447067644

## ആശംസ

രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഭാഗമായി കയർ വ്യവസായം ഇന്ന് യന്ത്രവൽക്കരണത്തിന്റെയും വൈവിധ്യ വൽക്കരണത്തിന്റെയും പാതയിലാണല്ലോ. കുറ്റമറ്റ നിലയിൽ കയർ വ്യവസായത്തിന് യന്ത്രവൽക്കരണം സാധ്യമായത് പൊതു ഉട മസ്ഥതയിൽ ആലപ്പുഴയിൽ ഒരു യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിതമായതു കൊണ്ടാണ്. ഇതിലേയ്ക്ക് ഞാൻ അദ്ധ്യക്ഷനായ കയർ കമ്മീഷൻ പ്രത്യേക ശുപാർശ നൽകിയതും വകുപ്പ് മന്ത്രിയായിരുന്ന സ: ജി.സുധാകരൻ യുദ്ധകാലാടിസ്ഥാന ത്തിൽ നിർദ്ദേശം നടപ്പിലാക്കിയതും. ഡോ.ടി.എം.തോമസ് ഐസക്കിന്റെ നേതൃ ത്വത്തിൽ നടപ്പിലാക്കുന്ന രണ്ടാം കയർ പുനസംഘടനാപദ്ധതി പ്രവർത്തനത്തിന് സഹായകരമായി. രണ്ട് ദശാബ്ദം മുൻപ് ആരംഭിച്ച കയർ വ്യവസായം മാസിക യുടെ പുനരുജ്ജീവനം നടക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

19-08-2020

**ആനത്തലവട്ടം ആനന്ദൻ**



19/08/2020

## ആശംസ

കയർഫെഡിന്റെ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാവിധ ആശംസ കളും നേരുന്നു.

**എൻ. പത്മകുമാർ ഐ.എ.എസ്**
സ്പെഷ്യൽ സെക്രട്ടറി (കയർ)
കേരള സർക്കാർ

കളത്തിൽപറമ്പിൽ
ചാത്തനാട്
അവലൂക്കുന്ന് പി.ഒ, ആലപ്പുഴ



## ആശംസ

കയർഫെഡിന്റെ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**കെ.ആർ. ഗൗരിയമ്മ**
മുൻ കയർവകുപ്പ് മന്ത്രി

19/08/2020

---

വസന്ത്, ആനന്ദവല്ലീശ്വരം,
തിരുമുല്ലവാരം പി.ഒ, കൊല്ലം - 691 012
ഫോൺ: 0474 2794193



## ആശംസ

കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതിൽ വളരെ സന്തോഷം.

കയർ സംഭരണത്തിലും വിപണനത്തിലും കയർഫെഡ് സർവ്വകാല റിക്കാർഡ് നേട്ടം കൈവരിച്ചു എന്നതിലും സന്തോഷമുണ്ട്. കയർ വ്യവസായത്തിന്റെ ആധുനികവത്ക്കരണം. അടിയന്തിര പ്രധാന്യം അർഹിക്കുന്ന ഒരു കാലമാണിത്. അതിന് പൊതുജനങ്ങളുടെ സഹായ സഹകരണങ്ങൾ അനുപേക്ഷണീയമാണ്. ആ രംഗത്ത് ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ മാസികയ്ക്ക് കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്റെ ആത്മാർത്ഥമായ ആശംസകൾ...

19/08/2020

**സി.വി. പത്മരാജൻ**
മുൻ കയർവകുപ്പ് മന്ത്രി

---


**ADV. ADOOR PRAKASH**
**Member of Parliament**
**(Lok Sabha)**
**Attingal, Kerala**

**Member :**
**Standing Committee on Health and Family Welfare**

सत्यमेव जयते

**804, Narmada Apartments**
**Dr. B. D. Marg**
**New Delhi-110 001**
**Tel.: 011-23310354**


## സന്ദേശം



കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരണം ആരംഭിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം. തുടർന്നുള്ള എല്ലാ നല്ല പ്രവർത്തനങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

19/08/2020

**Adv. അടൂർ പ്രകാശ്**

**T.K. Devakumar (Ex. M.L.A)**
**Chairman**
**Kerala State Coir Corporation Ltd.**
**P.B. No. 191, Vazhichery Ward**
**Alappuzha - 688 001, Ph: 0477 2243112**



## സന്ദേശം

കയർഫെഡ് മാസികയായ 'കയർവ്യവസായം' പുനഃപ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ അധികം സന്തോഷമുണ്ട്. കയർ മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് പിന്നിലെ നിറസാന്നിദ്ധ്യമായി പതിറ്റാണ്ടുകളായി കയർഫെഡ് പ്രവർത്തിക്കുന്നു.

പതിനായിരക്കണക്കിനുവരുന്ന കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കഴിഞ്ഞിട്ടുണ്ട്. അതിലൂടെ ഈ മേഖലയിലെ നിസ്തുല വളർച്ചയ്ക്കു പിന്നിലെ സ്ഥാപനത്തിന്റെ പങ്കിനെ ഞാൻ സ്മരിക്കുന്നു. ലോകം മുഴുവൻ കോവിഡ്-19 മഹാമാരിയോടു പൊരുതുമ്പോഴും മറ്റ് വ്യാപാര വാണിജ്യ മേഖലകൾ തകർച്ചയിലേക്ക് നീങ്ങുമ്പോഴും കയർ മേഖലയിൽ ആശ്വാസം പകരുന്ന രീതിയിൽ പ്രവർത്തന മികവുണ്ടായിക്കൊണ്ടിരിക്കുന്നത് പ്രതീക്ഷയാണ്.

ഈ അവസരത്തിൽ കയർഫെഡ് പുനരാരംഭിക്കുന്ന മാസികയ്ക്ക് കയർരംഗത്തെ സമഗ്ര വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. എല്ലാവിധ വിജയാശംസകളും നേർന്നുകൊണ്ട്.

അഭിവാദനങ്ങളോടെ,

19/08/2020

**ടി.കെ.ദേവകുമാർ**
ചെയർമാൻ

---

**Adv. K. Prasad**
Chairman
Kerala State Coir Machinery Manufacturing Co Ltd.
CCSB Road, Chungam, Alappuzha
Ph: 0477 22402550



## ആശംസ

കയർഫെഡിന്റെ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

**അഡ്വ. കെ. പ്രസാദ്**

19/08/2020

ചെയർമാൻ

**K.K. Ganesan**
Chairman
Kerala Coir Workers Welfare Fund Board
Alappuzha - 688001
Ph: 0477 2261740



## ആശംസ

കയർഫെഡിന്റെ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**കെ.കെ. ഗണേശൻ**
ചെയർമാൻ

19/08/2020

**Adv. K.R. Bhageeradhan**
Chairman
Foam Mattings (India) ltd
Beach Road, Alappuzha
Ph: 0477 2253731, 9495440544



## ആശംസ

കയർഫെഡിന്റെ കയർ വ്യവസായം മാസിക പുനഃപ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

**കെ.ആർ. ഭഗീരഥൻ**
ചെയർമാൻ

19/08/2020





# എഡിറ്റോറിയൽ

ഏകദേശം കാൽനൂറ്റാണ്ടു മുമ്പ് ശ്രീ. ആനത്തലവട്ടം ആനന്ദൻ കയർഫെഡ് പ്രസിഡന്റായിരുന്നപ്പോൾ അദ്ദേഹം മുഖ്യപത്രാധിപരായി 'കയർ വ്യവസായം' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചുവന്നിരുന്നു. ഒരു പ്രത്യേക കാലഘട്ടത്തിൽ ഈ മാസികയുടെ പ്രസിദ്ധീകരണം നിലച്ചുപോയി.

കഴിഞ്ഞ വർഷത്തെ 'കയർ കേരള'യോടനുബന്ധിച്ച് മാസികയുടെ പുനരുജ്ജീവനത്തിന് ഞങ്ങൾ ശ്രമമാരംഭിച്ചിരുന്നു. മേളയോടനുബന്ധിച്ച് എല്ലാ ദിവസവും 'കയർ വ്യവസായം' എന്ന പേരിൽ ഒരു സപ്ലിമെന്റ് പുറത്തിറക്കാൻ കഴിഞ്ഞുവെങ്കിലും മാസികയുടെ പ്രസിദ്ധീകരണം സാധിതപ്രായമായില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ബഹു. ധനകാര്യ-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം.തോമസ് ഐസക് മുൻകൈയ്യെടുത്ത് നടപ്പാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി ശരിയായ ദിശയിൽ പുരോഗമിച്ച് അവസാനഘട്ടത്തിലേക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ മാസികയുടെ പുനഃപ്രസിദ്ധീകരണം സാധ്യമാക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

കയർഫെഡ് രൂപീകൃതമായിട്ട് 40 കൊല്ലം കഴിഞ്ഞിരിക്കുന്നു. ഒന്നാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടാണ് നാലു സെൻട്രൽ സഹകരണ കയർ മാർക്കറ്റിംഗ് സംഘങ്ങളെ സംയോജിപ്പിച്ച് കയർഫെഡ് രൂപീകരിക്കുന്നത്.

പ്രതിഭാധനന്മാരായ ഭരണകർത്താക്കളുടെ ഭാവനപൂർണ്ണമായ നേതൃത്വവും മന്ത്രിമാരുടെയും വകുപ്പുമേധാവികളുടെയും അകമഴിഞ്ഞ പിന്തുണയും സഹായവും ഒപ്പം ഊർജ്ജസ്വലരായ ഉദ്യോഗസ്ഥരുടെ അർപ്പണ മനോഭാവവും തൊഴിലാളികളുടെയും സഹകാരികളുടെയും നിസ്തുലമായ സഹകരണവും കൊണ്ടാണ് കയർഫെഡിന് വളർച്ചയുടെയും പുരോഗതിയുടെയും പടവുകൾ അനുസ്യൂതം കയറാനായത്.

കയർഫെഡിന്റെ മുന്നേറ്റത്തിന് പിന്തുണ നൽകിയ എല്ലാ സുമനസ്സുകളോടുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

സസ്നേഹം,

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ



# കോവിഡും സാനിമാറ്റും



**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധന-കയർ മന്ത്രി**

**സോ**പ്പും സാനിറ്റൈസറും ഉപയോഗിച്ച് കൈ കഴുകുന്നതും മുഖാവരണം ധരിക്കുന്നതും ശാരീരിക അകലം പാലിക്കുന്നതുമാണ് നമ്മുടെ കോവിഡ് പ്രതിരോധ കോട്ട. പക്ഷേ, ഇന്നത്തെ സാഹചര്യത്തിൽ വ്യാപനം ഒഴിവാക്കാനാവില്ല. വൈറസുമായി സമരസപ്പെട്ട് ജീവിതത്തെ മുന്നോട്ട് കൊണ്ടുപോവുകയെന്നതാണ് നമ്മുടെ സമീപനം. രോഗം മാരകമാകാൻ സാധ്യതയുള്ളവർ വീട്ടിൽ ഒതുങ്ങിക്കൂടണം. ബാക്കിയുള്ളവർ പുറത്തുപോയി വേലയെടുക്കണം. അപ്പോൾ ഗൗരവമായ മറ്റൊരു പ്രശ്നമുദിക്കും. വീട്ടിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ചെരിപ്പും പാദങ്ങളും അണുവിമുക്തമാക്കാൻ എന്താണ് മാർഗം?

ആ ചോദ്യത്തിന്റെ ഉത്തരമാണ് സാനിമാറ്റ്. സാനിമാറ്റ് പുതിയ കയറുത്പന്നമാണ്. ഇതിന്റെ പിന്നിലെ ആശയം ലളിതമാണ്. പുറത്തുനിന്നും വരുന്നവർ കടയിലോ, സ്ഥാപനത്തിലോ, വീട്ടിലോ പ്രവേശിക്കുന്നതിനു മുമ്പ് അണുനാശിനിയിൽ കുതിർത്ത കയർ തടുക്കിൽ കാല് തുടച്ചു വൃത്തിയാക്കുകയാണെങ്കിൽ വൈറസോ മറ്റു രോഗാണുക്കളോ പാദത്തിലോ ചെരുപ്പുകളിലോ പറ്റിപ്പിടിച്ചിട്ടുണ്ടങ്കിൽ അവയെ നശിപ്പിക്കാം.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാത്രമല്ല, കേരളത്തിൽ നിന്നു തന്നെയും വലിയ ഡിമാൻഡാണ് സാനിമാറ്റിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ പബ്ലിക് ഓഫീസുകളുടെയെല്ലാം കവാടത്തിൽ ബ്രേക്ക് ദി ചെയിൻ സാനിറ്റൈസർ മാത്രമല്ല, സാനിമാറ്റുകൂടിയുണ്ടാകും. ഹോട്ടലുകൾ, മറ്റുവ്യാപാര സ്ഥാപനങ്ങൾ എന്നിവയിലും സാനിമാറ്റ് ഒഴിവാക്കാനാവാത്ത ഘടകമായി മാറുന്നുണ്ട്.

സാനിമാറ്റിന്റെയും കയർഭൂവസ്ത്രത്തിന്റെയും ഡിമാൻഡ് പതിന്മടങ്ങ് ഉയരുന്നതോടെ കയർ ഉത്പാദനം ഇരട്ടിയാകും. 2015-16ൽ 7000 ടൺ ആയിരുന്ന കയറുത്പാദനം 40,000 ടണ്ണായിട്ടാണ് ഉയരാൻ പോവുന്നത്. കഴിഞ്ഞവർഷം 20,000 ടണ്ണായിരുന്നു ഉത്പാദനം. ഈ സാമ്പത്തിക വർഷം ഇനി അവശേഷിക്കുന്ന മാസങ്ങൾകൊണ്ട് ഉത്പാദനം ഇരട്ടിയാകും.

## ആപത്ത് അവസരമാകുന്നു, സാനി-മാറ്റിന് രാജ്യമെമ്പാടും താൽപ്പര്യം

മുംബൈ, ചെന്നൈ, ഡൽഹി തുടങ്ങിയ പകർച്ചവ്യാധി കേന്ദ്രങ്ങളിൽ നിന്നും സാനിമാറ്റിനായുള്ള വ്യാപാര അന്വേ

# എന്താണ് സാനിമാറ്റ്?

**അ**ണുനാശിനിവെള്ളമുള്ള ഒരു ട്രേയിൽ സൂക്ഷിച്ചിരിക്കുന്ന ചകിരികൊണ്ടുള്ള തടുക്കാണ് സാനിമാറ്റ്. അതുപയോഗിച്ചുകൊണ്ട് പാദങ്ങളും ചെരിപ്പും വൃത്തിയാക്കിയ ശേഷം വീട്ടിലേക്ക് കടക്കാം. കയറുത്പന്നങ്ങൾ എത്രനാൾ വെള്ളത്തിൽ കിടന്നാലും ഒരു ദോഷവും വരില്ല. അതുപോലെ പരുക്കൻ ഉപരിതലം കാൽ ഉരച്ചുവൃത്തിയാക്കാനും നന്ന്.

പലയിടത്തും ഇത്തരത്തിൽ മറ്റ് ട്രേകൾ വെച്ചിരിക്കുന്നതായി കാണുന്നുണ്ട്. പലയിടത്തും തുണിയും ചണവുമാണ് ഉപയോഗിക്കുന്നത്. ഇവ പെട്ടെന്ന് ചീത്തയാകും. സിന്തറ്റിക് ഉത്പന്നങ്ങൾ ഹരിത മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമാണ്. ചിലപ്പോൾ ഫംഗസും പിടിക്കും. അപ്പോൾ കയർതന്നെ ഉത്തമം. രണ്ടുമാസമായി കയർ ഗവേഷണകേന്ദ്രവും (എൻ.സി.ആർ.എം.ഐ) ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടും ഇത് സംബന്ധിച്ചുള്ള പരീക്ഷണങ്ങളിലായിരുന്നു. ഏറ്റവും അനുയോജ്യമായ അണുനാശിനി ലായിനി എന്ത്, ചികിരിയിലെ ജൈവവസ്തുക്കളുമായിട്ടുള്ള പ്രതിപ്രവർത്തനം, ബാഷ്പീകരണം, പാദത്തിലെ ത്വക്കിനെ എങ്ങനെ ബാധിക്കും തുടങ്ങിയ കാര്യങ്ങൾ ആഴത്തിൽ പരിശോധിച്ചു. അവസാനം സോപ്പ് ഉപയോഗിച്ചുള്ള അണുനാശിനിക്ക് രൂപം നൽകി. ചെലവ്, ഈട്, ഫംഗസിനുള്ള സാധ്യത തുടങ്ങിയവയൊക്കെ പരിശോധിച്ച് തടുക്ക് വെക്കാൻ പ്ലാസ്റ്റിക് ട്രേയും തിരഞ്ഞെടുത്തു. മൂന്ന് മാസം മുമ്പാണ് ഞാൻ ഇതുസംബന്ധിച്ച് ആദ്യത്തെ ഫേസ്ബുക്ക് പോസ്റ്റ് എഴുതിയത്. ഈ മൂന്ന് മാസത്തിനിടയിൽ അണുനാശിനി സംബന്ധിച്ച് ശ്രീചിത്ര മെഡിക്കൽ ഡിവൈസസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിദഗ്ദ്ധാഭിപ്രായം വാങ്ങി. എൻ.സി.ആർ.എം.ഐയുടെ ലാബിൽ അണുനാശിനിയെക്കുറിച്ചും ട്രേയുടെ സ്വഭാവത്തെയുംകുറിച്ചുള്ള പഠനങ്ങൾ പൂർത്തിയാക്കി. കയർ ബോർഡുമായി ചർച്ച ചെയ്തു. ആലപ്പുഴയിലെ 50 വീടുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ മാറ്റുകൾ സ്ഥാപിച്ചു. ഇപ്പോൾ സാനിമാറ്റ് വിപണിയിലുമിറങ്ങി.

നാലുതരം ഉൽപ്പന്നങ്ങളാണ് വിപണിയിൽ ഇറക്കുന്നത്. ഒറ്റ സാനി-മാറ്റ്: ഇവിടെ ഒരു ട്രേയും ചകിരിത്തടുക്കും മാത്രമേയുണ്ടാകൂ. കാലുകൾ വൃത്തിയാക്കി നനവോടെ തന്നെ വീട്ടിലേയ്ക്കോ കടയിലേയ്ക്കോ കയറേണ്ടിവരും.

ഇരട്ട സാനി-മാറ്റ്: ഇവിടെ ഒരു ട്രേയ്ക്കും ചകിരിത്തടുക്കിനും പുറമേ മറ്റേതെങ്കിലും ഒരു മാറ്റുകൂടി ഉണ്ടാകും. രണ്ടാമത്തെ മാറ്റിൽ കാലുകൾ വീണ്ടും തുടച്ച് നനവുമാറ്റി അകത്തേയ്ക്ക് കയറാവുന്നതാണ്. രണ്ടാമത്തെ മാറ്റായി പിവിസി ബാക്ക് ചെയ്ത ടഫ്റ്റഡ് റോളുകളാണ് ഉപയോഗിക്കുന്നത്.

രണ്ട് അറ സാനി-മാറ്റ്: ഒറ്റ ട്രേ. പക്ഷെ, രണ്ടായി തിരിച്ചിരിക്കുന്നു. രണ്ടിലും മാറ്റുകൾ ഉണ്ടാവും. ഒന്നിൽ മാത്രമേ അണുനാശിനി ഒഴിക്കൂ.

സാനി-പാഡ് മാറ്റ്: ഇവിടെയും ട്രേയ്ക്ക് രണ്ടു കള്ളികളുണ്ടാകും. ഒന്നിൽ വൃത്തിയാക്കിയ സവിശേഷ ചകിരിച്ചോറ് പാഡാണ്. ചകിരിച്ചോറിന്റെ പ്രത്യേകത എട്ടിരട്ടി വെള്ളം ഉൾക്കൊള്ളുമെന്നതാണ്. അതുകൊണ്ട് കാലുകൾ ഇവിടെ ചവിട്ടി വൃത്തിയാക്കുമ്പോൾ അണുനാശിനിവെള്ളം ശരിക്കും പതഞ്ഞു പുറത്തുവരും. രണ്ടാമത്തെ മാറ്റിൽ കാലുകൾ തുടച്ച് നനവുമാറ്റി അകത്തേയ്ക്കു കയറാം. ഡിസ്ക്കൗണ്ടു കിഴിച്ചാൽ വില 550 രൂപ മുതൽ 4500 രൂപ വരെ വരും. ഇതുസംബന്ധിച്ച അന്വേഷണങ്ങൾക്ക് ഈ നമ്പറുകളിൽ വിളിക്കാവുന്നതാണ്. 9048058012 / 9383433605.



*മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീന് നൽകി സാനിമാറ്റ് വിപണിയിലിറക്കുന്നു. മന്ത്രിമാരായ ഡോ. ടി.എം. തോമസ് ഐസക്, കെ. കൃഷ്ണൻകുട്ടി, കയർവകുപ്പ് സെക്രട്ടറി എൻ. പത്മകുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ എന്നിവർ സമീപം.*

ഷണം ഏറെയാണ്. കേരളത്തിലെമ്പാടുനിന്നും സ്റ്റോക്കിസ്റ്റുകളാകാൻ ഒട്ടേറെ വ്യാപാരികൾ വിളിക്കുന്നുണ്ട്. പലസ്ഥാപനങ്ങളും അന്വേഷണം നടത്തുന്നുണ്ട്. കൊവിഡുമൂലം കയറുത്പന്നങ്ങളുടെ കയറ്റുമതി നിലച്ചിരിക്കുകയാണ്. ഈ ഇടിവ് സാനിമാറ്റുകൾ തീർക്കുമെന്ന പ്രതീക്ഷയിലാണ് ഞങ്ങൾ.

## കയർ വ്യവസായത്തിന്റെ നാൾവഴികൾ

# കയർ പുനസംഘടനാപദ്ധതി




**അഡ്വ.എൻ. സായികുമാർ**
**പ്രസിഡന്റ്, കയർഫെഡ്**


**ക**യർ വ്യവസായത്തെ അടിമുടി മാറ്റിമറിക്കുന്ന നിലയിലുള്ള രണ്ടാം പുനഃസംഘടനാ പദ്ധതി ഇപ്പോൾ അവസാനഘട്ടത്തിലേക്ക് കടക്കുകയാണല്ലോ. കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ്നാട് ചകിരിയെ ആശ്രയിക്കണമെന്ന നിലയിൽ നിന്നും ചകിരി സ്വയം പര്യാപ്തതയിലേക്ക് നാം നീങ്ങുകയാണ്. പ്രതിവർഷം 50000–60000 ക്വിന്റൽ കയർ പിരിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് ഇന്ന് 4 ലക്ഷം ക്വിന്റൽ കയർ പിരിക്കുന്ന നിലയിലേയ്ക്ക് വ്യവസായം അഭിവൃദ്ധിപ്പെട്ടു. മാത്രമല്ല അഞ്ച് ലക്ഷം ക്വിന്റലിലധികം കയർ പിരിക്കാൻ കഴിയുന്ന തരത്തിൽ വ്യവസായത്തിന് സുസ്ഥിരമായ ഒരടിസ്ഥാനമുണ്ടാക്കുവാനും രണ്ടാം കയർ പുനസംഘടനാ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ അസ്തമയ വ്യവസായമെന്ന നിലയിൽ തകർച്ചയിലാണ്ടുപോയ കയർ വ്യവസായത്തിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുത്ത് ആധുനിക വ്യവസായമായി രൂപാന്തരപ്പെടുത്തുകയെന്ന ലക്ഷ്യമാണ് രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിലൂടെ പൂർത്തിയാവുന്നത്. ഈ സാഹചര്യത്തിൽ ഒന്നാം കയർ പുനഃസംഘടനയിലൂടെ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളെ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

കയർ വകുപ്പ് ആരംഭിച്ചതും കയർ സംഘങ്ങൾ രൂപീകരിച്ചതും തിരുകൊച്ചിയിൽ പറവൂർ റ്റി.കെ. നാരായണപിള്ള മന്ത്രിസഭയിൽ വ്യവസായ മന്ത്രിയായിരുന്ന എൻ.കുഞ്ഞിരാമന്റെ കാലത്താണ്. എന്നാൽ അദ്ദേഹത്തിന്റെ കാലത്ത് രൂപീകരിച്ച സംഘങ്ങൾ തൊഴിലാളി സംഘങ്ങൾ ആയിരുന്നില്ല. മറിച്ച് ഉൽപ്പാദക സംഘങ്ങളായിരുന്നു.

ഒന്നാം ഇ.എം.എസ് മന്ത്രിസഭയിലെ വ്യവസായ മന്ത്രിയായിരുന്ന കെ.പി.ഗോപാലൻ കയർ മേഖലയിൽ നൂതനമായ ചില പരിഷ്ക്കാരങ്ങളും നിർദ്ദേശങ്ങളും കൊണ്ടുവന്ന കാര്യം പ്രത്യേകം സ്മരണീയമാണ്. തൊളിലാളി സഹകരണ സംഘങ്ങൾ ആരംഭിച്ചതും നിലവിലുണ്ടായിരുന്ന കയർസംഘങ്ങളിലെ അംഗങ്ങളിൽ 93% തൊഴിലാളികളാവണമെന്നും സംഘങ്ങൾ നേരിട്ട് ഉൽപ്പാദനത്തിലേയ്ക്ക് കടക്കണമെന്നുമുള്ള നിബന്ധനകൾ നിഷ്ക്കർഷിച്ചതും ഇക്കാലത്താണ്. ആലപ്പുഴയിൽ ഉൽപ്പന്ന നിർമ്മാണ മേഖലയിൽ അഞ്ച് മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ സ്ഥാപിക്കാനുള്ള ചരിത്രപരമായ തീരുമാനമെടുത്തതും ഒന്നാമത്തെ ആലപ്പുഴ മാറ്റ്സ് & മാറ്റിംഗ്സ് സംഘം ഇ.എം.എസ് നേരിട്ടെത്തി 1958 ജൂൺ 15 ന് ഉദ്ഘാടനം ചെയ്തതും ഒന്നാം ഇ.എം.എസ് സർക്കാർ നടത്തിയ ശക്തമായ ചുവടുവെപ്പുകളാണ്.

എന്നാൽ കയർ വ്യവസായത്തെ ഉടച്ചുവാർക്കുന്ന നിലയിൽ ഒരു സമൂലമായ പുനഃസംഘടനാപദ്ധതി ആവിഷ്ക്കരിക്കുന്നത് രണ്ടാം ഇ.എം.എസ് സർക്കാരിലെ വ്യവസായ മന്ത്രിയായ റ്റി.വി.തോമസാണ്.

1968 ൽ പ്രഖ്യാപിച്ച ഒന്നാം പുനഃസംഘടന പദ്ധതിയുടെ ഭാഗമായിട്ടാണ് 1969 ജൂലൈയിൽ കയർ കോർപ്പറേഷൻ നിലവിൽ വന്നത്. റീജിയണൽ സെൻട്രൽ കയർ മാർക്കറ്റിംഗ് സൊസൈറ്റികളെ സംയോജിപ്പിച്ച് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ രൂപീകരിക്കാൻ നയപരമായ തീരുമാനമെടുത്തും ഈ പുനഃസംഘടനയുടെ ഭാഗമായിട്ടാണ്. രണ്ട് സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ഈ നിർദ്ദേശത്തോട് പുറംതിരിഞ്ഞു നിന്നതുകാരണം കയർഫെഡ് രൂപീകരണം പിന്നെയും നീണ്ടുപോയി.



ചുരുക്കിപ്പറഞ്ഞാൽ ഒന്നാംപുനഃസംഘടനാ പദ്ധതിയ്ക്ക് രൂപം നൽകിയത് ഇ.എം.എസ് സർക്കാരായിരുന്നുവെങ്കിലും പദ്ധതി പൂർത്തിയായത് 1970–77–ലെ അച്യുതമേനോൻ സർക്കാരിന്റെ കാലത്താണ്. രണ്ടു സർക്കാരുകളിലും കയർ വകുപ്പ് ഉൾപ്പെട്ട വ്യവസായ മന്ത്രിയായിരുന്നത് റ്റി.വി.തോമസ് ആയതുകൊണ്ട് റ്റി.വി പദ്ധതി എന്ന പേരിൽ ഈ പുനഃസംഘടനാ പദ്ധതി അറിയപ്പെട്ടു.(1969–ലെ അച്യുതമേനോൻ സർക്കാരിൽ വ്യവസായ മന്ത്രിയായി പി. രവീന്ദ്രൻ ചുരുങ്ങിയകാലം പ്രവർത്തിച്ചിരുന്നു.) തൊണ്ടു മുതലാളിമാർ ഉൾപ്പെടെയുള്ള ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും കയർ പിരി മേഖലയെ ഘട്ടംഘട്ടമായി സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നു. തൊണ്ട് അവശ്യവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരുന്നതും ഹസ്ക് കൺട്രോൾ ഓർഡർ നടപ്പാക്കുന്നതും തൊണ്ടിന് ലെവി സമ്പ്രദായം ഏർപ്പെടുത്തുന്നതും തൊണ്ട് പൂഴ്ത്തുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയതുമെല്ലാം റ്റി.വി പദ്ധതിയുടെ ഭാഗമായിട്ടാണ്. കയർ പിരി തൊഴിലാളികൾക്കും വേരിയബിൾ ഡി.എ കൂടി ഉൾക്കൊള്ളിച്ച് മിനിമം കൂലി പ്രഖ്യാപിക്കുന്നതും കയർ ഡയറക്ട്രേറ്റിനും കയർ സർക്കിൾ ആഫീസുകൾക്കുമിടയിൽ പ്രോജക്ട് ആഫീസുകൾ ആരംഭിക്കുന്നതും ഒന്നാം പുനഃസംഘടനാ പദ്ധതി കാലത്താണ്.

ഈ ആവശ്യങ്ങൾക്കെല്ലാം പിന്നിൽ നടന്ന ഐതിഹാസിക തൊഴിലാളി സമരങ്ങളും ശ്രദ്ധേയമാണ്. 1972 മേയ് 3–ന് തിരുവനന്തപുരം ജില്ലയിലെ സ. വാഴമുട്ടം അമ്മുവിന്റെ രക്തസാക്ഷിത്വത്തിലേക്ക് നയിച്ച വാഴമുട്ടം വെടിവയ്പ്പും പട്ടിണി മാർച്ചും, ചിറൻകീഴ്താലൂക്ക് ആഫീസ് മാർച്ചും വെടിവയ്പ്പും ഇക്കൂട്ടത്തിൽ പ്രധാനമാണ്. ചിറയിൻകീഴ് താലൂക്കിന്റെ തീരപ്രദേശത്ത് തൊഴിലാളി കുടുംബങ്ങളിൽ നടന്ന പട്ടിണി മരണങ്ങൾ വെളിച്ചത്തുകൊണ്ടുവന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇ.എം.എസ് നടത്തിയ പത്രപ്രസ്താവനകളും അതുണ്ടാക്കിയ ചലനങ്ങളും എടുത്തുപറയേണ്ടതാണ്.

1972 ലെ കയർ വർക്കേഴ്സ് സെന്റർ രൂപീകരണവുമായി ബന്ധപ്പെട്ട് സ.വാഴമുട്ടം അമ്മുവിന്റെ ബലികുടീരത്തിൽ നിന്നും കാസർഗോഡേയ്ക്ക് സ. ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ നടന്ന കാൽനടജാഥയും തുടർ പ്രവർത്തനങ്ങളും അക്കാലത്ത് നടന്ന പ്രവർത്തനങ്ങളിൽ പ്രധാനമാണ്. 1973 ൽ കാസർഗോഡുനിന്ന് നിന്നും 101 സമരഭടന്മാരുമായി സ. ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് വളയലിനു മുന്നോടിയായി തിരുവനന്തപുരത്തേയ്ക്കുള്ള കാൽനടപ്രചരണജാഥ കയർ തൊഴിലാളികളുടെ സമര ചരിത്രത്തിലെ ഉജ്ജ്വലമായ ഏടാണ്. ഈ ജാഥയ്ക്ക് മുന്നോടിയായി എ.കെ..ജിയും സുശീലാഗോപാലനും പൈലറ്റ് വാഹനത്തിൽ സഞ്ചരിച്ച് തൊഴിലാളികളെ അഭിസംബോധന ചെയ്തത് തൊഴിലാളികൾക്കിടയിൽ വലിയ ആവേശം ഉണ്ടാക്കി.കള്ളിക്കാട് സമരനായകൻ പി.ആർ. വാസുവും പ്രമുഖ പാർലമെന്റേറിയനായിരുന്ന സി.ബി.സി. വാര്യരും ഈ ജാഥയിൽ അംഗങ്ങളായിരുന്നു. ജാഥ തിരുവനന്തപുരം നഗരാതിർത്തിയിൽ പ്രവേശിച്ചതോടെ വലിയ തൊഴിലാളി മുന്നേറ്റത്തിനാണ് നഗരം സാക്ഷ്യം വഹിച്ചത്.

തമ്പാനൂരിൽ നിന്നും ആരംഭിച്ച സമരജാഥയുടെ മുൻനിരയിൽ ഇ.എം.എസ് -ഉം പാളയത്ത് നിന്നും ആരംഭിച്ച ജാഥയുടെ മുൻനിരയിൽ എ.കെ.ജി–യും അണിനിരന്നു. പതിനായിരക്കണത്തിന് കയർ തൊഴിലാളികൾ അണിനിരന്ന ജാഥ സെക്രട്ടേറിയറ്റിൽ പ്രവേശിക്കുമെന്നുറപ്പായതോടെ തന്ത്രജ്ഞനായ അന്നത്തെ സ്പീക്കർ കെ.മൊയ്തീൻ കുട്ടി ഹാജി നിയമസഭ സമ്മേളനം പിരിച്ചുവിട്ടു. സമ്മേളനം പിരിച്ചുവിട്ടില്ലായിരുന്നെങ്കിൽ വലിയ രക്തച്ചൊരിച്ചിലിനു തന്നെ ഈ സമരം സാക്ഷ്യം വഹിക്കുമായിരുന്നു. ഒന്നാം പുനഃസംഘടന നിർദേശങ്ങളെല്ലാംതന്നെ രണ്ടാം ഇ.എം.എസ് സർക്കാരിന്റെ കാലത്തുതന്നെ ചർച്ച ചെയ്ത് അന്തിമനിഗമനത്തിൽ എത്തിയിരുന്നുയെങ്കിലും അച്യുതമേനോൻ സർക്കാരിന്റെ ഭരണകാലയളവിലാണ് ഇവ ഉത്തരവുകളായി പുറത്തുവന്നതെന്ന് മാത്രം.

എൺപതുകളോടെ ചകിരി ദൗർലഭ്യം കയർ വ്യവസായം നേരിട്ട മുഖ്യപ്രശ്നമായി മാറി. ഡോ.ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടും അസിം ചാറ്റർജിയുടെ നേതൃത്വത്തിലുള്ള പ്ലാനിംഗ് കമ്മീഷൻ ഉന്നതാധികാര കമ്മറ്റി റിപ്പോർട്ടും ചകിരി പ്രതിസന്ധിയുടെ ആഴം വെളിവാക്കുന്നു.

ഡോ. ടി.എം.തോമസ് ഐസക്കിന്റെ റിപ്പോർട്ടിന്റെ ഒന്നാം അദ്ധ്യായത്തിന്റെ ഒന്നാമത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വാചകം തന്നെ ചകിരി ദൗർലഭ്യം വ്യവസായത്തെ രോഗഗ്രസ്ഥമാക്കുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു. The most serious problem in coir industry is non availability of husk at economic price in adequate qualities.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട് ആരംഭിച്ച ഐ.സി.ഡി.പി പദ്ധതിയുടെ പരാജയം കയർ രംഗത്തെ യന്ത്രവൽക്കരണ നീക്കങ്ങൾക്കേറ്റ കടുത്ത ആഘാതമായി.

വി.എസ്.സർക്കാരിന്റെ കാലത്ത് കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന സ.ജി.സുധാകരൻ മുൻകൈയെടുത്ത് നിയമിച്ച സ.ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിലുള്ള കയർ കമ്മീഷൻ ഇത് സംബന്ധിച്ച പ്രതിസന്ധിയുടെ ആഴം വിശദമാക്കി സമഗ്രമായ ശുപാർശ സർക്കാരിന് സമർപ്പിച്ചു. ചകിരി സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള മില്ലുകൾ സ്ഥാപിക്കുന്നതിനും കുറ്റമറ്റ നിലയിൽ പിരി മേഖലയിലും ഉൽപ്പന്ന നിർമ്മാണ മേഖലയിലും യന്ത്രവൽക്കരണം കാര്യക്ഷമമാക്കുന്നതിനും പൊതുഉടമസ്ഥതയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഒരു യന്ത്ര നിർമ്മാണ ഫാക്ടറി ആരംഭിക്കാൻ കമ്മീഷൻ ശുപാർശ ചെയ്തു.

അന്നത്തെ കയർ മന്ത്രി ജി.സുധാകരൻ ഈ നിർദ്ദേശം അംഗീകരിച്ച് കെ.എസ്.സി.എം.എം കമ്പനി എന്ന സ്ഥാപനം ആരംഭിച്ചത് രണ്ടാം പുനഃസംഘടനാ പ്രവർത്തനം സുഗമമാക്കാൻ സഹായകരമായി. 1958 ജൂൺ 15 ന് ഇ.എം.എസ് ഉദ്ഘാടനം ചെയ്ത ആദ്യത്തെ കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘം വക സ്ഥലത്ത് ഈ സ്ഥാപനത്തിന്റെ ഫാക്ടറിയും കയർഫെഡിന്റെ ചുങ്കം ഡിപ്പോയായിരുന്ന സ്ഥലത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും സജ്ജമായത് കയർവ്യവസായത്തിന്റെ യന്ത്രവൽക്കരണ നീക്കങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു.

*(തുടരും)*

വീണ്ടെടുക്കുന്ന ആലപ്പുഴ പട്ടണം:

# ആലപ്പുഴ പൈതൃകപദ്ധതി അതിൽ എങ്ങനെ ഇടപെടുന്നു




**പി.എം. നൗഷാദ്**
**മാനേജിംഗ് ഡയറക്ടർ**
**മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്**


**വെ**നീസിനെപ്പോലും പിന്നിലാക്കുന്ന, കായലും കടലും തോടും കനാലുകളും കൊണ്ട് സമ്പന്നമാണ് ആലപ്പുഴ പട്ടണം. കേരളത്തിൽ ആധുനിക വ്യവസായവും വ്യവസായ തൊഴിലാളികളും വളർന്നുവന്നത് ഇവിടെയാണ്. ദിവാൻ രാജാ കേശവദാസിന്റെ പ്രത്യേക മേൽനോട്ടത്തിലാണ് ആലപ്പുഴ പട്ടണം വികസിപ്പിച്ചെടുത്തത്. ഈ പട്ടണത്തിന്റെ നഷ്ടപ്പെട്ട പൗരാണിക പ്രൗഢി വീണ്ടെടുക്കുന്നതിനുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിസർക്കാർ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി പട്ടണത്തിന്റെ ഗതകാല പ്രൗഢി വീണ്ടെടുക്കാനാകും. ആലപ്പുഴ പട്ടണത്തിലുള്ള പൗരാണിക കെട്ടിടങ്ങളും സ്മാരകങ്ങളും പുനരുദ്ധരിച്ചു കൊണ്ട്‌വിവിധ മ്യൂസിയങ്ങൾ നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രദേശത്തെ മുഴുവൻ കനാലുകളും തോടുകളും കായലുകളും മനോഹരമാക്കുന്നതോടുകൂടി അതിന്റെ പൗരാണിക ഭംഗി വീണ്ടെടുക്കും. ഇത് കായൽ ടൂറിസത്തിന് കുതിപ്പേകും. കായൽ ടൂറിസം രാജ്യാന്തര നിലയിലേക്ക് വളർച്ച പ്രാപിക്കും. അതോടൊപ്പംതന്നെ ആലപ്പുഴ പട്ടണത്തിന്റെ സാംസ്കാരിക സമ്പന്നതനിലനിർത്തിക്കൊണ്ടുള്ള ഈ വികസന പദ്ധതികൾ, പൂർണ്ണമായും വരുംതലമുറയ്ക്ക് പട്ടണത്തിന്റെ ചരിത്രവും ഗാംഭീര്യവും പകർന്നുനൽകുന്നതും ഗൃഹാതുരത്വം ഉളവാക്കുന്നതും ആയിരിക്കും. പുതിയ തലമുറയ്ക്കാകെ അഭിമാനമുയർത്തുന്ന രീതിയിലായിരിക്കും പട്ടണത്തിന്റെ വളർച്ച.

**ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള മ്യൂസിയങ്ങൾ ഇവയാണ്.**

1. കയർഫെഡ് ബിൽഡിംഗ്, യാൺ മ്യൂസിയം,
2. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, മ്യൂസിയം ഓഫ് കയർ ഇൻഡസ്ട്രി,
3. ന്യൂമോഡൽ കയർ ഫാക്റ്ററി. മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്,
4. നോർട്ടൺ ബംഗ്ലാവ്, തോമസ് നോർട്ടൺ മ്യൂസിയം,
5. പോർട്ട് ബിൽഡിംഗ്, മാരിടൈം സിഗ്നലിംഗ് മ്യൂസിയം,
6. പോർട്ട് ഓഫീസ് ബിൽഡിംഗ് കോംപ്ലക്സ്, പോർട്ട് മ്യൂസിയം,
7. കൊട്ടാരം ഹോസ്പിറ്റൽ, ഹെൽത്ത് മ്യൂസിയം,
8. എസ്.ഡി.വി സ്കൂൾ, എഡ്യുക്കേഷൻ മ്യൂസിയം,
9. അനിൽ സേട്ട്സ് ഹൗസ്, ഗുജറാത്തി ഹെറിറ്റേജ് സെന്റർ,
10. മധുര കമ്പനി, (കയർഫെഡ് ബിൽഡിംഗ്) ഗാന്ധി മ്യൂസിയം,
11. ഗുജറാത്തി ബിസിനസ്സ് ഹിസ്റ്ററി മ്യൂസിയം,
12. കൊങ്കണി മ്യൂസിയം,
13. സ്പൈസ് മ്യൂസിയം,
14. മനോൻമണിയം സുന്ദരം പിള്ളൈ മെമ്മോറിയൽ മ്യൂസിയം,
15. അമ്പർല മ്യൂസിയം,
16. കൊപ്ര മ്യൂസിയം,
17. തിയോസഫിക്കൽ സൊസൈറ്റി മ്യൂസിയം,
18. ബോട്ട് മ്യൂസിയം,
19. കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം,
20. ഗാന്ധി മ്യൂസിയം.

**സംരക്ഷിക്കപ്പെടുന്ന ചരിത്രസ്മാരകങ്ങൾ ഇവയാണ്.**

1. മക്കാം മസ്ജിദ് കൺസർവേഷൻ,
2. സൗക്കർ മസ്ജിദ് കൺസർവേഷൻ,
3. ശിവ പാർവ്വതി ടെമ്പിൾ കൺസർവ്വേഷൻ,
4. ഹനുമാൻ ടെമ്പിൾ കൺസർവേഷൻ,
5. ബാലകൃഷ്ണ ടെമ്പിൾ കൺസർവേഷൻ,
6. എൻട്രൻസ് ബിൽഡിംഗ് കൺസർവേഷൻ,
7. പ്രീസ്റ്റ് ഹൗസ് കൺസർവേഷൻ,
8. മുല്ലക്കൽ ടെമ്പിൾ കൺസർവേഷൻ,
9. കച്ചി മേമൻ മസ്ജിദ് കൺസർവേഷൻ,
10. ലിയോ സ്കൂൾ കൺസർവേഷൻ.

**അടിസ്ഥാന സൗകര്യവികസനങ്ങൾ**

1. തിരുമല ദേവസ്വം ടെമ്പിൾ കൺസർവ്വേഷൻ,

2. കനാൽ സൈഡ് ഡെവലപ്മെന്റ്,
3. ബീച്ച് സൈഡ് ഡെവലപ്മെന്റ്,
4. സ്ട്രീറ്റ് എലവേഷൻ ഡവലെപ്മെന്റ്,
5. സീ പിയർ ഡെവലെപ്മെന്റ്,
6. സൈനേജ് ഡെവലപ്മെന്റ്

ആലപ്പുഴ പട്ടണത്തിൽ ചരിത്രം ഉറങ്ങുന്ന നിരവധി പുരാതന കെട്ടിടങ്ങൾ ഉപയോഗയോഗ്യമല്ലാതെ സ്ഥിതി ചെയ്യുന്നുണ്ട്. ഇതിൽ ഏതാനും കെട്ടിടങ്ങൾ പുനരുദ്ധരിച്ചു കൊണ്ട് കയറും കയറുല്പ്പന്നങ്ങളും കയർ ജീവിതവും പ്രതിപാദിക്കുന്ന മ്യൂസിയങ്ങൾ സ്ഥാപിക്കാൻ ആലപ്പുഴ ഹെറിറ്റേജ് പദ്ധതി രൂപരേഖ തയാറാക്കിയിട്ടുണ്ട്. യാൺ മ്യൂസിയം, കയർ ഇൻഡസ്ട്രി മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, ലിവിംഗ് കയർ മ്യൂസിയം എന്നിവയാണ് കയറുമായി ബന്ധപ്പെടുത്തി നിർമ്മിക്കുന്ന മ്യൂസിയങ്ങൾ. ഇതിൽ യാൺ മ്യൂസിയം കയർഫെഡിന്റെ അധീനതയിലുള്ള കെട്ടടങ്ങളിലാണ് നിർമ്മിക്കുന്നത്. ലോകമെമ്പാടുമുള്ള വിവിധതരം നൂലുകൾ അവയുടെ നിർമ്മാണം എന്നിവ വിശദമായി പ്രതിപാദിക്കുന്നതാണ് ഈ മ്യൂസിയം. വിവിധതരത്തിലുള്ള നൂലുകൾ ഇവിടെ പ്രദർശിപ്പിക്കും. കൈകൾകൊണ്ടുള്ള നൂലുല്പാദനവും യന്ത്രസാമഗ്രികൾകൊണ്ടുള്ള നൂലുല്പ്പാദനവും ഇവിടെ വിശദമായി പ്രതിപാദിക്കും.

പ്രസിദ്ധമായ ഡാറാ ആന്റ് സ്മയിൽ എന്ന വിദേശ കമ്പനിയുടെ ഉടമസ്ഥതയിലിരുന്നതും ഇപ്പോൾ കയർഫെഡിന്റെ അധീനതയിലുള്ളതുമായ കെട്ടിടങ്ങളിലാണ് യാൺ മ്യൂസിയം നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ജൈവ നൂലുല്പ്പന്നമാണ് കയർ. പൗരാണിക കാലം മുതലുള്ള കയറിന്റെ ചരിത്രവും കയറിനെ സംബന്ധിച്ച് എഴുതപ്പെട്ടിട്ടുള്ള സാഹിത്യകൃതികളും ആലപ്പുഴയിലെ കയറും കയറിന്റെ പ്രത്യേകതകളും എല്ലാം വിശദമായി ഈ മ്യൂസിയത്തിൽ പ്രതിപാദിക്കുന്നുണ്ട്.

കൂടാതെ വിവിധയിനം കയറുകൾ ഇവിടെ പ്രദർശിപ്പിക്കും. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും രാജ്യാന്തര തലത്തിലുള്ള വിപണനം വ്യക്തമാക്കുന്നഗ്യാലറിയും ഈ മ്യൂസിയത്തിൽ ഉണ്ടാകും. യാൺ മ്യൂസിയത്തിലെ മറ്റൊരു ഗ്യാലറിയാണ് കൽപ്പവൃക്ഷ ഗ്യാലറി. തെങ്ങിന്റെ പ്രാധാന്യവും തെങ്ങുകൃഷി കേരളത്തിൽ വികസിച്ചതിന്റെ ചരിത്രവും തേങ്ങകൊണ്ടുള്ള വിവിധയിനം ഉൽപ്പന്നങ്ങളും, തെങ്ങുകൃഷിയിൽ ഉപയോഗിക്കപ്പെടുന്ന വിവിധ ഉപകരണങ്ങളും ഇവിടെ പ്രദർശിപ്പിക്കും.

യാൺ മ്യൂസിയത്തിലെ വളരെ പ്രധാനപ്പെട്ട മറ്റൊരു ഗ്യാലറിയാണ് ലേബർ മൂവ്മെന്റ് ഗ്യാലറി. ഉൽപ്പാദന വ്യവസ്ഥയും-തൊഴിലാളികളും, ട്രേഡ് യൂണിയനുകൾക്ക് മുൻപുള്ള തൊഴിലാളികളുടെ നില, കയർ വ്യവസായത്തിലെ തൊഴിലാളി പ്രസ്ഥാനങ്ങൾ, കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം, തൊഴിലാളികളുടെ സാമൂഹിക സ്ഥിതി വ്യക്തമാക്കുന്ന സിനിമകൾ, ട്രേഡ് യൂണിയനുകൾ നിലവിൽവന്നതിനുശേഷമുള്ള തൊഴിലാളികളുടെ സ്ഥിതി, തൊഴിലാളികളുടെ സേവന വേതനസ്ഥിതി എന്നിവ ഈ മ്യൂസിയത്തിൽ വിശദീകരിക്കപ്പെടും. കേരള ലളിത കലാഅക്കാദമിയുടെ നേതൃത്വത്തിൽ പ്രശസ്തരായ കലാകാരൻമാർ തയ്യാറാക്കിയിട്ടുള്ള ഇൻസ്റ്റലേഷൻസ് ഈ മ്യൂസിയങ്ങളുടെ പ്രത്യേകതയാണ്.

ആലപ്പുഴയുടെ ചരിത്രവും വ്യാവസായിക വളർച്ചയും-തകർച്ചയും, ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകളും, കയറും കയറുൽപ്പന്നങ്ങളും, ട്രേഡ് യൂണിയനുകളുടെ ഉദയവും വളർച്ചയും തുടങ്ങിയവ എല്ലാം വിശദമായി പ്രതിപാദിക്കുന്ന മ്യൂസിയങ്ങൾ വരുംതലമുറയെ സംബന്ധിച്ചിടത്തോളം ഏറെ പ്രയോജനപ്പെടുന്നതും അറിവ് പകരുന്നതുമായിരിക്കും. കയർ തൊഴിലാളികൾക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കയർ വ്യവസായത്തിന്റെ ഈ മ്യൂസിയങ്ങൾ ആവേശം കൊള്ളിക്കുന്നതാകും. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ചരിത്രം തൊട്ടറിയുന്നതിനുള്ള ഉപാധിയായി ഇവ മാറും. ആലപ്പുഴ പട്ടണത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഏറെ പ്രയോജനം ചെയ്യുന്ന ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എല്ലാ ജനവിഭാഗങ്ങളുടേയും പിൻതുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു കാര്യം ഉറപ്പിക്കാം... ആലപ്പുഴ പൈതൃക പദ്ധതിയുടെ ആഭിമുഖ്യത്തിൽ മ്യൂസിയങ്ങൾ പൂർത്തിയാക്കുകയും പൗരാണിക സ്മാരകങ്ങൾ പുനരുദ്ധരിക്കുകയും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കൊപ്പം നഗരത്തിലെ റോഡുകളും കനാലുകളും മനോഹരമാക്കുകയും ചെയ്തുകഴിയുമ്പോൾ കായൽ ടൂറിസവുമായി ബന്ധപ്പെട്ട് ഇവിടെ പ്രതിവർഷം എത്തുന്ന അഞ്ചുലക്ഷത്തോളം വരുന്ന ടൂറിസ്റ്റുകളെ ഒന്നോ രണ്ടോ ദിവസംകൂടി ആലപ്പുഴ പട്ടണത്തിൽ തങ്ങാൻ നിർബന്ധിതമാകുന്ന സാഹചര്യം സൃഷ്ടിക്കുവാൻ കഴിയും. അതുവഴി ഒട്ടേറെ പേർക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്താനാവും.



പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന കയർ മ്യൂസിയത്തിന്റെ ഓഫീസ് ആലപ്പുഴയിൽ മന്ത്രി ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്തപ്പോൾ.






# വിട്ടുവീഴ്ചയില്ലാത്ത പ്രക്ഷോഭകാരി, സൗമ്യനായ സംഘാടകൻ ആനത്തലവട്ടം ആനന്ദൻ

**രോഹിത് ജോസഫ്**

ആനത്തലവട്ടം ആനന്ദൻ, മനുഷ്യരെപ്പോലെ ജീവിക്കാനുള്ള കയർത്തൊഴിലാളികളുടെ പോരാട്ടത്തിലും കയർ സഹകരണപ്രസ്ഥാനത്തിന്റെ സംഘാടനത്തിലും വിസ്മരിക്കാനാവാത്ത രാഷ്ട്രീയ നാമം. കൗമാരത്തിൽതന്നെ വർഗ സമരത്തിന്റെ രാഷ്ട്രീയ പ്രാധാന്യം തിരിച്ചറിയുകയും സമരതീഷ്ണമായ ജീവിതം തിരഞ്ഞെടുക്കുകയും ചെയ്ത പ്രക്ഷോഭകാരി. ഏഴുപതിറ്റാണ്ടിനോട് അടുക്കുന്ന രാഷ്ട്രീയ ജീവിതത്തിൽ ജനവിരുദ്ധ ഭരണകൂടങ്ങളുടെ ലാത്തിയും തോക്കും ജയിലറകളും ജന്മി മാടമ്പിമാരുടെ ക്രൂരമർദനങ്ങളും എത്രയോവട്ടം ഈ സൗമ്യനായ മനുഷ്യന് മുൻപിൽ തോറ്റുപോയി. അദ്ദേഹത്തിന്റെ തീഷ്ണാനുഭവങ്ങളുടെ ചില ചെറു ചിത്രങ്ങൾ മാത്രമാണ് ഈ കുറിപ്പിന് ആധാരം.

ഒരിക്കൽ പാവങ്ങളുടെ പടത്തലവൻ എ.കെ.ജി യുടെ ക്ഷണപ്രകാരം അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. ഖുറേഷി കയർ തൊഴിലാളികളുടെ ജീവിതം നേരിട്ടുകാണുന്നതിനായി കേരളത്തിലെ കയർ തൊഴിലാളി ഭവനങ്ങളിൽ സന്ദർശനത്തിനെത്തി. അന്നത്തെ തൊഴിലാളിയുടെ അവസ്ഥ തികച്ചും പരിതാപകരമായിരുന്നു. രാവിലെ ഏഴ് മണി മുതൽ വൈകിട്ട് അഞ്ച് മണിവരെ കഠിനാദ്ധ്വാനം ചെയ്താൽ ആകെ കിട്ടുന്നത് വെറും എട്ടണയാണ്. എട്ടണയെന്നാൽ ഇന്നത്തെ 50 പൈസ. കയർത്തൊഴിലാളികളുടെ ഈ ദുർഗതി നേരിട്ടു കാണിക്കാനാണ് എ.കെ.ജി കേന്ദ്ര മന്ത്രിയെ കേരളത്തിലേക്ക് ക്ഷണിച്ചത്. സന്ദർശനത്തിനിടയിൽ ശ്രീ. ഖുറേഷിയും സംഘവും ഒരു കയർത്തൊഴിലാളിയുടെ വീടിന് മുന്നിലെത്തി. കേന്ദ്ര മന്ത്രിയെത്തിയിട്ടും അദ്ദേഹത്തിന്റെ സംഘാംഗങ്ങൾ എത്രതന്നെ നിർബന്ധിച്ചിട്ടും ഗൃഹനാഥൻ പുറത്തേക്കു വരാൻ കൂട്ടാക്കിയില്ല. ഒടുവിൽ ഏറെ നിർബന്ധിച്ചപ്പോൾ ആ തൊഴിലാളി തന്റെ നിസഹായാവസ്ഥ വെളിപ്പെടുത്തി. വീട്ടിൽ ആകെ ഉണ്ടായിരുന്ന ഉടുതുണി പുറത്ത് പോയ ഭാര്യയ്ക്ക് നൽകി കുടിലിന്റെ ഇരുട്ടിന്റെ മറവിൽ തന്റെ നഗ്നത ഒളിപ്പിച്ചിരിക്കുകയായിരുന്നു ആ പാവം ഗൃഹനാഥൻ. ഉണ്ണാൻ ഉരിയരിക്ക് വകയില്ലാത്ത, ഉടുതുണിക്ക് മറുതുണി ഇല്ലാത്ത ഈ അവസ്ഥയ്ക്കൊരു മോചനം തേടിയാണ് കയർ തൊഴിലാളികൾ അമ്പതുകളുടെ ആദ്യം സമരത്തിനിറങ്ങിയത്.

അമ്പതുകളുടെ രണ്ടാം പകുതിയോടെ തിരുവനന്തപുരം ജില്ലയിൽ കയർത്തൊഴിലാളി സമരം കൂടുതൽ തീഷ്ണമായി. അന്നത്തെ സമരത്തിന് രണ്ട് പ്രത്യേകതകൾ ഉണ്ടായിരുന്നു. ഒന്ന് സമരത്തിന്റെ നായകൻ ആനത്തലവട്ടം ആനന്ദൻ എന്നൊരു കൗമാരക്കാരനായിരുന്നു.

രണ്ടാമത്തെ പ്രത്യേകത അന്നത്തെ മന്ത്രിസഭ കേരളത്തിലെ ആദ്യത്തെ ഇടതുപക്ഷ ഗവൺമെന്റാ യിരുന്നു എന്നതാണ്. സമരവുമായി തിരുവനന്ത പുരത്തെത്തിയ സമര സഖാക്കൾ നേരിട്ടത് പാർട്ടി നേതൃത്വത്തിന്റെ ശക്തമായ താക്കീതാണ്. എന്നാൽ ആനത്തലവട്ടവും തൊഴിലാളികളും പിൻമാറിയില്ല. സെക്രട്ടേറിയറ്റിന്റെ ഗേറ്റിന് മുന്നിലിരുന്ന പട്ടിണിക്കാ രായ തൊഴിലാളികൾ ഇടിമുഴക്കം പോലെ മുദ്രാവാക്യം മുഴക്കി.

"ഡൺലപ്പ് മെത്തയിൽ കിടക്കാനല്ല,
അംബാസിഡറിൽ കയറാനല്ല
ഉഴക്കരിയുടെ കഞ്ഞികുടിക്കാൻ
അതിനാണതിനാണീ സമരം'"

സ്വന്തം പ്രസ്ഥാനം ഭരിക്കുമ്പോൾ ഒരു നേതാവിന് അതിനെതിരെ എങ്ങനെ സമരം നയിക്കാനാവും എന്ന കുഴയ്ക്കുന്ന ചോദ്യത്തിന് ഉത്തരം നൽ കിയത് സാക്ഷാൽ ഇ.എം.എസ് തന്നെയാ യിരുന്നു. അദ്ദേഹം പറഞ്ഞു ''കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഭരണത്തിലേറിയത് ഭരണ ത്തിന്റെ സുഖലോലുപതയിൽ അഭിരമിക്കാനല്ല. കേരളം ഭരിക്കുന്നത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് എന്നതുകൊണ്ട് മർദ്ദിത വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കപ്പെടുകയുമില്ല. പ്രക്ഷോഭ ങ്ങളും സമരങ്ങളും തൊഴിലാളികളുടെ അവകാശ ങ്ങൾ നേടിയെടുക്കുന്നതിന് അനിവാര്യമാണ്. അത് സർക്കാരിനെ ശക്തിപ്പെടുത്തുകയേയുള്ളൂ''. ഒടു വിൽ ആ കൗമാരക്കാരൻ നയിച്ച സമരം വിജയിക്കുക തന്നെ ചെയ്തു. പരമ്പരാഗത വ്യവസായങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുവാനുള്ള പദ്ധതി കൾ രൂപംകൊണ്ടു. 1952 ലെ കോൺഗ്രസ് ഗവൺമെന്റ് രൂപീകരിച്ച, നാട്ടുപ്രമാണിമാരും കയർ മുതലാളിമാരും നേതൃത്വം കൊടുത്തിരുന്ന കയർ സംഘങ്ങൾക്ക് ബദ ലായി 93% തൊഴിലാളികളും 7% അനുഭാവികളും ഉൾ ക്കൊള്ളുന്ന കയർ സംഘങ്ങൾ സംഘടിപ്പിക്കുന്നതിന് വ്യവസ്ഥയായി.

സംഘങ്ങളുടെ പ്രവർത്തന മൂലധനം കണ്ടെത്തു ന്നതിനും ഓഹരികൾ പുറത്തിറക്കുന്നതിനും ഒരു അംഗത്തിന് 100 രൂപാ എന്ന നിരക്കിൽ സർക്കാർ വിഹിതം നൽകുന്നതിനും തീരുമാനമായി.

നയപരമായി തീരുമാനം കൈക്കൊള്ളുന്നതിൽ വിജയിച്ചെങ്കിലും, കയർ സഹകരണ പ്രസ്ഥാനങ്ങൾ പ്രാവർത്തികമാവുന്നതിന് പിന്നെയും ഒട്ടേറെ കടമ്പ കൾ ഉണ്ടായിരുന്നു. ശ്രീ. ആനത്തലവട്ടം ആനന്ദന്റെ അനുഭവങ്ങളുടെ കുമ്പാരത്തിൽ അതിനായി വേണ്ടി വന്ന അത്യദ്ധ്വാനം ഇപ്പോഴും കനലായി കിടപ്പുണ്ട്. ആനത്തലവട്ടത്ത് മുതലാളിമാരുടെ കീഴിൽ പണിയെ ടുത്തിരുന്ന 500 ഓളം തൊഴിലാളികളെ ഉൾക്കൊള്ളിച്ച് ഒരു സംഘം രൂപീകരിക്കുന്നതിനായി അവിടുത്തെ പാർട്ടി തീരുമാനിച്ചു. ഏറെ ശ്രമപ്പെട്ട് വിവരശേഖര ണവും, ഓഹരി വിപണനവും പൂർത്തീകരിച്ചു. അടുത്ത കടമ്പ സംഘത്തിന്റെ രജിസ്ട്രേഷനായിരുന്നു. രാവും പകലും അത്യദ്ധ്വാനം ചെയ്ത് ആ കടമ്പകളും മറികടന്നു. എന്നാൽ പിന്നീടുള്ള വലിയ വെല്ലുവിളി സംഘം പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുക എന്നതായിരുന്നു. ആനത്തലവട്ടത്ത് കയർ സംഘത്തിന് ഒരിടത്തുപോലും ഭൂമി നൽകാതി രിക്കാൻ മുതലാളിമാരും, പ്രമാണിമാരും ഒറ്റക്കെട്ടായി നിന്നു. എന്നാൽ കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാ നത്തിന്റെ ഇച്ഛാശക്തിയ്ക്കു മുന്നിൽ മുതലാളിമാരുടെ വൻമതിൽ തകർന്നുവീണു. തുണ്ടുതുണ്ടായി കിടന്നി രുന്ന സ്ഥലങ്ങൾ സംഘത്തിനുവേണ്ടി സംഘടിപ്പിച്ച് അവിടെ തൊഴിലാളികൾ പണിയെടുത്തു തുടങ്ങി. കാടുംപടലും പിടിച്ചുകിടന്ന പുരയിടങ്ങളും, ഓരോ തുണ്ടു ഭൂമിയും കയർ തൊഴിലാളിക്ക് പണിയെടു ക്കുവാനുള്ള ഇടങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. അങ്ങനെ ആനത്തലവട്ടത്ത് ഒരു കയർ സംഘം യാഥാർത്ഥ്യമായി.

ഇന്ന് കേരളത്തിലെമ്പാടും 800 ഓളം കയർ സഹ കരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന് രാജ്യത്തിന് പോലും മാതൃകയാണ്. മുതലാളിത്വത്തിന്റെ നീരാളിപ്പിടിയിൽ നിന്നും തൊഴിലാളിക്ക് മോചനം നൽകിയ സഹകരണ പ്രസ്ഥാനങ്ങൾ ഇന്ന് നാടിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഒഴിച്ചു കൂടാനാവാത്ത ഘടകങ്ങളായി തീർന്നിരി ക്കുന്നു. കയർ രംഗത്ത് വികേന്ദ്രീകൃത രീതിയിൽ ഉൽ പ്പാദനം പ്രോൽസാഹിപ്പിക്കുകയും ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുകയുമെന്ന ലക്ഷ്യം കൈവരി ക്കുന്നതിന് മാത്രമല്ല കേരളത്തിലങ്ങോളമിങ്ങോളമുള്ള നാല് ലക്ഷത്തോളം കയർ തൊഴിലാളികളെ ഒന്നിച്ചു കോർത്തിണക്കിക്കൊണ്ട് എല്ലാ തട്ടിലും തുല്യത ഉറപ്പ് വരുത്തുന്നതിനും, കയർമേഖലയിലെ സർക്കാർ നയ ങ്ങൾ പ്രാവർത്തികമാക്കുന്നതിനുമുള്ള കേന്ദ്രമായി മാറുന്നതിനും ഇന്ന് കയർ സഹകരണ പ്രസ്ഥാന ങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഏഴുപതിറ്റാണ്ടുക ളായി കയർ സഹകരണ പ്രസ്ഥാനം കേരളത്തിൽ നില നിൽക്കുന്നു. ഈ കാലഘട്ടങ്ങളിലെല്ലാം ഒട്ടേറെ ഉയർ ച്ചകൾക്കും താഴ്ചകൾക്കും ഈ പ്രസ്ഥാനം വിധേയ മായിട്ടുണ്ടെങ്കിലും, കയർ തൊഴിലാളിയുടെ ജീവിതം ഇന്നത്തെ നവലിബറൽ ലോകത്തിലും പിടിച്ചു നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ ഒട്ടേറെ മാറ്റങ്ങൾക്ക് കയർ സഹകരണ പ്രസ്ഥാ നങ്ങൾ വിധേയമായിട്ടുണ്ട്. എങ്കിലും തൊഴിലാളി ക്ഷേമത്തിൽ അധിഷ്ഠിതമായ അതിന്റെ അസ്ഥിത്വം നിലനിറുത്തിക്കൊണ്ട് പോകുന്നതിന് ഈ പ്രസ്ഥാന ത്തിന് ഇപ്പോൾ സാധിക്കുന്നുണ്ട്.

കേരളത്തിലെ വർഗ്ഗസമരങ്ങളുമായും സഹകരണ പ്രസ്ഥാനത്തിന്റെ അനിഷേധ്യമായ ബന്ധമാണ് ഇതിന് കാരണം. കയർ രംഗം ഇന്ന് രണ്ടാം പുനഃസംഘടന യുടെ പാതയിലാണ്. ഇതിന് ചുക്കാൻ പിടിക്കുന്നത് കയർ സംഘങ്ങളാണ്. ഈ സംഘങ്ങൾക്ക് എല്ലാ ത്തിനും നേതൃത്വം കൊടുത്തുകൊണ്ട് കയർഫെഡ് നെടുന്തൂണായി പ്രവർത്തിക്കുന്നു.

'കയറുപിരിയ്ക്കും തൊഴിലാളിക്കൊരു കഥയുണ്ടു ജ്ജ്വല സമരകഥ' എന്ന വരികൾ കവിയുടെ വെറും ഭാവനയല്ല. നമ്മുടെ നാട്ടിലെ ഓരോ കയർ സംഘവും ഉ ജ്ജ്വലമായ സമരഗാഥകളുടെ സ്മരണികകൾ കൂടിയാ ണ്. ആ വീരസ്മരണകളിലെ നായകന്മാരിൽ ജീവിച്ചിരി ക്കുന്നവരിൽ ഒന്നാം സ്ഥാനമാണ് ശ്രീ ആനത്തലവട്ടം ആനന്ദനുള്ളത്.



# കേരളത്തിലെ കയർത്തൊഴിലാളി സംഘടനയുടെ ആദ്യനാളുകൾ


**വി.എസ്.മണി**
**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**കയർഫെഡ്**


അനേകായിരം തൊഴിലാളികളുടെ കണ്ണീരും വിയർപ്പും രക്തവുംകൊണ്ട് പടുത്തുയർത്തിയതാണ് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം. രാജവാഴ്ചക്കാലം മുതൽ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ഉജ്ജ്വലമായ സമരങ്ങളുടെ പരമ്പരകൾ തന്നെ ഇവിടുത്തെ തൊഴിലാളി വർഗം തീർത്തിട്ടുണ്ട്. തൊഴിലാളി പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ നിർണായകമായ സ്ഥാനമുള്ള പ്രദേശമാണ് ആലപ്പുഴ. ഈ പോരാട്ടത്തിലെ മുഖ്യശക്തികളായിരുന്നു കയർത്തൊഴിലാളികൾ. കേരളത്തിലെ കയർതൊഴിലാളി സംഘടനയുടെ പ്രവർത്തനത്തിന്റെ നാൾവഴികൾ ഓർത്തെടുക്കുകയാണ് ഈ തുടർലേഖനത്തിലൂടെ.

### ലേബർ യൂണിയന്റെ ജനനം

1920ലാണ് ആലപ്പുഴയിൽ ലേബർ യൂണിയന്റെ ജനനം. പ്രസിഡന്റായി എം.കെ. ആന്റണിയും സെക്രട്ടറിയായി പി.കെ. ബാവയും തെരഞ്ഞെടുക്കപ്പെട്ടു. റ്റി.എ. കരുണാകരൻ, റ്റി.സി. കേശവൻ വൈദ്യൻ, ബി.പി. ബാപ്പുവൈദ്യർ, എം.കെ. കുഞ്ഞച്ചൻ മൂപ്പൻ, കെ.എം. ചെറിയാൻ എന്നിവരായിരുന്നു കമ്മറ്റിയംഗങ്ങൾ. യോഗത്തിൽ സ്വാമി സത്യവ്രതൻ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചത് തൊഴിലാളികൾക്ക് വലിയ തോതിൽ ഊർജ്ജം പകർന്നു. ലേബർ അസോസിയേഷൻ രൂപീകരണ സമ്മേളനം ആലപ്പുഴ ആറാട്ടുവഴി കളപ്പുര മൈതാനത്താണ് കൂടിയത്. 1922 (1097 മേടം 11) ലായിരുന്നു അത്. സമ്മേളനത്തിൽ കെ.എം. ചെറിയാൻ ആയിരുന്നു മുഖ്യപ്രാസംഗികൻ. തൊഴിലാളികളുടെ സാമ്പത്തിക പുരോഗതിക്കും സൻമാർഗികബോധത്തിനുമായി മദ്യവർജനം ഏർപ്പെടുത്തണം എന്നതായിരുന്നു പ്രഥമ പ്രമേയം. കെ.എം. കോയയാണ് ഈ പ്രമേയം അവതരിപ്പിച്ചത്. തുടർന്ന് സെക്രട്ടറി പി.കെ. ബാവ (വാടപ്പുറം ബാവ) അവതരിപ്പിച്ച പ്രമേയത്തിൽ തൊഴിലാളികളുടെ ദുരവസ്ഥ കണക്കിലെടുത്തുകൊണ്ടു തിരുവിതാംകൂറിൽ തൊഴിൽ നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടു.

തിരുവിതാംകൂറിൽ ട്രേഡ് യൂണിയൻ അവകാശ നിയമം വന്നതോടെ ലേബർ അസോസിയേഷൻ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

### സംഘടന തിരുവനന്തപുരത്ത്

തിരുവനന്തപുരം ജില്ലയിൽ കയർ യൂണിയൻ 1950ലാണ് രൂപീകരിച്ചത്. വെട്ടൂർ സമദ് ആയിരുന്നു ആദ്യ സെക്രട്ടറി.1951ൽ യൂണിയൻ പുനഃസംഘടിപ്പിച്ചു. ആർ. പ്രകാശൻ പ്രസിഡന്റും വെട്ടൂർ സമദ് സെക്രട്ടറിയുമായി. 1950ൽ തന്നെ ചെറുന്നിയൂർ, വെട്ടൂർ പ്രദേശങ്ങളിൽ കയർ തൊഴിലാളികൾ കൂലിക്കും മറ്റു അവകാശങ്ങൾക്കും വേണ്ടി പ്രക്ഷോഭങ്ങൾ ആരംഭിച്ചിരുന്നു. 1957ൽ തൊഴിലാളികൾ വ്യാപകമായി സംഘടിച്ച് അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തി തുടങ്ങിയിരുന്നു.

1957ൽ വക്കം ഭരതൻ പ്രസിഡന്റും ആനത്തലവട്ടം ആനന്ദൻ സെക്രട്ടറിയുമായി പുതിയ കമ്മറ്റി നിലവിൽ വന്നു. 1960–61 കാലത്ത് മുരുക്കുംപുഴയിലും സമീപപ്രദേശങ്ങളിലും ശക്തമായ സമരങ്ങളും മറ്റും നിരന്തരം നടന്നു. 1970ൽ കഠിനംകുളത്ത് കയർത്തൊഴിലാളികളുടെ ഉജ്ജ്വലമായ സമരം നടന്നു.

കൂലി കൂടുതൽ നേടിയെടുത്തുകൊണ്ടാണ് സമരം അവസാനിച്ചത്. 1972ൽ സമരങ്ങളുടെ ഒരു പരമ്പരതന്നെ നടന്നു. കൂലി കൂടുതലിനു വേണ്ടിയും തൊണ്ടു തല്ലു മിഷ്യൻ കൊണ്ടുവരുന്നതിന് എതിരെയുമായിരുന്നു സമരം. ആയിരക്കണക്കിനു തൊഴിലാളികൾ സമരത്തിൽ അണിനിരന്നു. ഈ സമരങ്ങളുടെ ഭാഗമായി

വാഴമുട്ടത്ത് നടന്ന സമരത്തിലാണ് സ. അമ്മു രക്ത സാക്ഷി ആയത്.

കയർത്തൊഴിലാളികളെ സംഘടിപ്പിക്കാനും പ്രക്ഷോഭം നടത്താനും രാജൻ ബാബു, എം.ആർ. രവി തുടങ്ങിയവർ പിൽക്കാലത്ത് നേതൃത്വം നൽകി. നിലവിൽ ആർ. സുഭാഷ് പ്രസിഡന്റും എൻ. സായി കുമാർ സെക്രട്ടറിയുമായി യൂണിയൻ പ്രവർത്തിക്കുന്നു. അഞ്ചുതെങ്ങ് സുരേന്ദ്രൻ, ആർ. അജിത് കുമാർ, ബി. സാബു തുടങ്ങിയവർ നിലവിൽ പ്രവർത്തനരംഗത്തുണ്ട്.

## സംഘടന കൊല്ലത്ത്

1970ലാണ് കൊല്ലത്ത് കയർത്തൊഴിലാളി യൂണിയൻ രൂപീകരിച്ചത്. ദേവൻ പ്രസിഡന്റും എൻ.വി. ദേവ് സെക്രട്ടറിയുമായിരുന്നു. എൻ.വി. ദേവ് ആലപ്പുഴ കയർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ബോർഡ് മെമ്പറായിരുന്നു. (കയർഫെഡ് രൂപീകരിക്കുന്നതിന് മുമ്പ്) പി.വിശ്വംഭരൻ പ്രസിഡന്റുമായിരുന്നു.

കയർ തൊഴിലാളികളുടെ കൂലിയ്ക്കുവേണ്ടിയുള്ള ഉജ്ജ്വലസമരമായിരുന്നു 1954ൽ നടന്ന പ്രാക്കുളം സമരം. സമരത്തിന്റെ ഭാഗമായി കുഞ്ഞുപിള്ള എന്നയാൾ കൊല്ലപ്പെട്ടു. ഈ കേസിൽ പ്രമുഖ ട്രേഡ് യൂണിയൻ നേതാവായിരുന്ന എം.ജി. ധനപാലൻ അടക്കമുള്ള നിരവധി പേരെ കോടതി ശിക്ഷിച്ചു. സമരത്തിന്റെ ഭാഗമായുള്ള യോഗങ്ങളിലും മറ്റും റ്റി.വി. തോമസ് പങ്കെടുത്തിരുന്നു. കയർത്തൊഴിലാളി യൂണിയനുകളുടെ സമരങ്ങൾക്ക് എൻ. ശ്രീധരൻ, എൻ.വി. ദേവ്, പെരുമൺ വാസുദേവൻ, ആർ.കെ. നാരായണ പിള്ള തുടങ്ങിയ നിരവധി പേർ നേതൃത്വം നൽകി.

1960–61 കാലത്താണ് പറവൂർ കാട്ടിൽ കടവു സമരം. കൂലി കൂടുതൽ നേടുന്നതിനുള്ള സമരമായിരുന്നു അത്. 1970ൽ കയർ തൊഴിലാളികളുടെ നിരവധി സമരം നടന്നു. പി.കെ. ഗുരുദാസൻ, എം. ശിവരാജ പിള്ള, വിശ്വവത്സലൻ, കെ. രത്നാകരൻ, ക്ലാപ്പന ആനന്ദൻ തുടങ്ങിയ നിരവധി നേതാക്കൾ സമരങ്ങൾക്ക് നേതൃത്വം നൽകി.

1973ൽ കയർത്തൊഴിലാളികൾ തുടർച്ചയായി പ്രക്ഷോഭരംഗത്തായിരുന്നു. ഈ പ്രക്ഷോഭങ്ങൾക്കും പ്രവർത്തനങ്ങൾക്കും മേഴ്സികുട്ടിയമ്മ, കെ.പി. കുറുപ്പ്, എസ്.എൽ. സജികുമാർ തുടങ്ങിയ നിരവധിപേർ നേതൃത്വം നൽകി.

## സംഘടന കോഴിക്കോട്ട്

കോഴിക്കോട് താലൂക്കിൽ 1960 ലാണ് പ്രവർത്തനം ആരംഭിച്ചത്. നെല്ലിലോട്ട് ബാലൻ പ്രസിഡന്റും റ്റി. അയ്യപ്പൻ സെക്രട്ടറിയുമായുള്ള യൂണിയനാണ് രൂപീകരിച്ചത്. 1956ൽ ഒളവണ്ണയിൽ യൂണിയൻ പ്രവർത്തിച്ചിരുന്നു. 1956ൽ വടകര യൂണിയന്റെ നേതൃത്വത്തിൽ സമരം നടന്നു. 1971ൽ അളത്തിൽ വാസുവിനെ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

1970ൽ കോഴിക്കോട് ജില്ലയിൽ ശക്തമായ പ്രക്ഷോഭങ്ങൾ നടന്നു. കൊയിലാണ്ടി താലൂക്കിൽ 1973ലാണ് യൂണിയൻ രൂപീകരിച്ചത്. പാറകുഞ്ഞികൃഷ്ണനായിരുന്നു സെക്രട്ടറി.

അടിയന്തിരാവസ്ഥകാലത്ത് കൂലി കൂടുതൽ ആവശ്യപ്പെട്ടതിനെതുടർന്ന് തൊഴിലാളികളെ പിരിച്ചുവിട്ടതിനെതിരായി ശക്തമായ സമരം നടന്നു. സമരം ഒരു മാസക്കാലം നീണ്ടുനിന്നു. എം.കെ. ഗംഗാധരൻ പ്രസിഡന്റായും, പി. ബാലകൃഷ്ണൻ സെക്രട്ടറിയുമായിരുന്നു. 2018 മുതൽ കോഴിക്കോട് താലൂക്കിൽ എം.എൻ. ശശിധരൻ പ്രസിഡന്റും മങ്ങാംതറദേവൻ സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

## സംഘടന മലപ്പുറത്ത്

മലപ്പുറത്ത് തിരൂരങ്ങാടി താലൂക്കിലെ വള്ളികുന്ന്, തിരൂർ താലൂക്കിലെ കുളത്തൂർ, പൊന്നാനി താലൂക്കിലെ കടവനാട് എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചാണ് യൂണിയൻ പ്രവർത്തിക്കുന്നത്. 1970–71 കാലത്താണ് യൂണിയൻ രൂപീകരിച്ചത്. സുശീലാ ഗോപാലൻ, സി.എ. പീറ്റർ എന്നിവർ യൂണിയൻ രൂപീകരിക്കുവാനും പ്രക്ഷോഭം സംഘടിപ്പിക്കാനും നേതൃത്വം നൽകി.

വി.വി. ഗോപിനാഥ് ആദ്യകാല സെക്രട്ടറിയായിരുന്നു. 1980ൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും കൂലി കൂടുതലിനുവേണ്ടിയും നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിരുന്നു. ആനത്തലവട്ടം ആനന്ദന്റെ സഹായവും പിന്തുണയും ഈ സമരത്തിന് നിർലോഭം ലഭിച്ചിരുന്നു.

## സംഘടന തൃശൂരിൽ

തൃശൂർ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട പ്രക്ഷോഭങ്ങൾ മുൻകാലത്ത് നടന്നിരുന്നു. കയർത്തൊഴിലാളികളെ സംഘടിപ്പിക്കാൻ കെ.എ. മുഹമ്മദ്, പി.കെ. ഗോപി തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. മുഹമ്മദ്, ഉണ്ണികൃഷ്ണൻ തുടങ്ങിയവർ ഇപ്പോഴും പ്രവർത്തനരംഗത്തുണ്ട്. സഹകരണ സംഘം കേന്ദ്രീകരിച്ചാണ് തൊഴിലാളികൾ പ്രവർത്തിക്കുന്നത്.

1955ൽ 2000 ൽ പ്പരം തൊണ്ടുതല്ല് തൊഴിലാളികൾ ചേർന്ന് മിനിമം കൂലിയ്ക്കുവേണ്ടി നടത്തിയ സമരമായിരുന്നു കണ്ടശാംകടവ് സമരം. കെ.എ. ദേവസി പ്രസിഡന്റും പി.കെ. പുഷ്പാകരൻ സെക്രട്ടറിയുമായിരുന്നു. സമരസമിതി കൺവീനറായി പ്രവർത്തിച്ചത് കെ.പി. പ്രഭാകരൻ ആയിരുന്നു. സമരം നിരവധി ദിവസം നീണ്ടുനിന്നു. പറവൂർ താലൂക്ക് കേന്ദ്രീകരിച്ചാണ് കയർത്തൊഴിലാളി യൂണിയൻ പ്രവർത്തിച്ചുവന്നത്. 1948ൽ യൂണിയൻ രൂപീകരിക്കുന്ന കാലത്ത് എം. മാധവൻ പ്രസിഡന്റായിരുന്നു. പിന്നീട് പള്ളിപ്പുറം പ്രഭാകരൻ പ്രസിഡന്റും പുത്തൻപിള്ള സെക്രട്ടറിയുമായിരുന്നു.

## സംഘടന എറണാകുളത്ത്

1970ൽ വൈപ്പിൻ പ്രദേശത്ത് പി.കെ. ശേഖരൻ സെക്രട്ടറിയായിട്ടുള്ള യൂണിയൻ പ്രവർത്തിച്ചിരുന്നു. പറവൂരിൽ 1981ൽ യൂണിയൻ പുനഃസംഘടിപ്പിച്ചു. പി.കെ.വാസവൻ പ്രസിഡന്റായും കെ.എസ്. കുമാരൻ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

തൃപ്പൂണിത്തുറ കേന്ദ്രീകരിച്ചു 1987 ലാണ് യൂണിയൻ രൂപീകരിച്ചത്. പി.വി.പ്രഭാകരൻ പ്രസിഡന്റും, റ്റി.കെ. ബാബു സെക്രട്ടറിയുമായി തെരഞ്ഞെടുത്തു. 1996ൽ യൂണിയൻ പുനസംഘടിപ്പിച്ചു. തിലോത്തമ രാമകൃഷ്ണൻ പ്രസിഡന്റും പി.ആർ.ഗഗനൻ സെക്രട്ടറിയുമായുള്ള യൂണിയൻ പ്രവർത്തിച്ചുവരുന്നു.

പറവൂർ താലൂക്കിൽ പി.ആർ. ബോസ്, അംബ്രോസ് എന്നിവർ നിരവധി പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. നിലവിൽ റ്റി.എ. മോഹനൻ പ്രസിഡന്റ്, അബ്രോസ് സെക്രട്ടറിയുമായുള്ള യൂണിയനാണ് പറവൂർ പ്രവർത്തിക്കുന്നത്.

*(തുടരും...)*





# കയർഫെഡ് പുതിയ പാതകളിലൂടെ

**സി.സുരേഷ് കുമാർ**
**(മാനേജിംഗ് ഡയറക്ടർ,**
**കയർഫെഡ്)**

**ക**യർ പിത്ത് വിപണനം കയർഫെഡിനെ സംബന്ധിച്ചും കേരളത്തിലെ ചകിരി മില്ലുകളെ സംബന്ധിച്ചും 2017-18 സാമ്പത്തിക വർഷം വരെ ഒരു വലിയ സമസ്യയായിരുന്നു. കയർഫെഡിന്റെ കേരളത്തിലെ കാസർകോഡ് മുതൽ തൃശ്ശൂർ വരെയുള്ള ചകിരി മില്ലുകളിൽ നിന്നും കയർഫെഡിന്റെ മുനമ്പം പിത്ത് കമ്പോസ്റ്റ് യൂണിറ്റിലേയ്ക്ക് ദശലക്ഷക്കണക്കിന് രൂപ വാഹന വാടക നൽകി പിത്ത് മാറ്റുകയാണ് ചെയ്തിരുന്നത്. 2017-18-ന്റെ രണ്ടാം പകുതിയിലാണ് കയർഫെഡ് പിത്ത് വിപണനത്തിലും കമ്പോസ്റ്റ് വിപണനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുവാൻ തുടങ്ങിയത്.

**QTY IN TONS**

| Item | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| Coir Pith | - | - | 1224 | 2025 |
| Cocofert | 95 | 242 | 298 | 271 |
| Total | 95 | 242 | 1522 | 2296 |

2018-19 വർഷത്തോടുകൂടി കേരളത്തിലുടനീളം ചകിരിമില്ലുകൾ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ്ഐസക്ക് മുൻകൈയ്യെടുത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ചകിരി ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയിൽ ചകിരി ഉൽപ്പാദനത്തോടൊപ്പം കയർ പിത്തിന്റെ ഉൽപ്പാദനവും ഗണ്യമായി വർദ്ധിച്ചു. കയർ പിത്തിന്റെ വിപണനം വർദ്ധിപ്പിക്കാൻ കയർഫെഡ് പ്രത്യേക ഡിമാൻഡ് ജനറേഷൻ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. ഇതോടെ കയർ പിത്തിന്റെ വിപണനം വളരെയധികം വർദ്ധിച്ചു.

പ്രധാനമായും കയർ പിത്ത് കോഴി ഫാമുകളിലേയ്ക്കും കൃഷി ആവശ്യങ്ങൾക്കുമാണ് വിനിയോഗിച്ചിരുന്നത്.

രണ്ടാം കയർ പുന:സംഘടനാ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകൃതമായ കയർ പ്രോജക്ട് മാനേജ്മെന്റ് സംഘത്തലവനായ അജിത്ത് മത്തായി കയർ പിത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനായി വേസ്റ്റ് മാനേജ്മെന്റ് പ്രക്രിയയിൽ ഉപയോഗിക്കുന്നതിനായി ഇനോക്കുലേറ്റഡ് പിത്ത് വികസിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആശയം അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കയർഫെഡിന്റെ പ്രോജക്ട് മേധാവിയായ രോഹിത്ത് ജോസഫ് ആലപ്പുഴ കളക്ടർ മുഖാന്തിരം പദ്ധതി നടപ്പിലാക്കാൻ ശ്രമം നടത്തി. എന്നാൽ അത് വിജയിച്ചില്ല.

ഈ കാലയളവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ കയർ പിത്ത് ഇനോക്കുലത്തിനായുള്ള 45 ലക്ഷം രൂപയുടെ ഓൺലൈൻ ടെൻഡർ ശ്രദ്ധയിൽപ്പെടുകയും ഇതിൽ പങ്കെടുക്കുകയും കയർഫെഡ് ടെണ്ടറിൽ യോഗ്യത നേടുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ കയർഫെഡ് ജനറൽ മാനേജർ ബി. സുനിൽ, മാർക്കറ്റിംഗ് മാനേജർമാരായ അനുരാജ് എം., ശ്രീവർദ്ധൻ നമ്പൂതിരി, അനിൽ കുമാർ എസ്. എന്നിവരുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്.

ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) വികസിപ്പിച്ച സാങ്കേതിക വിദ്യ ഉപയോഗിച്ച് ഈ ഉൽപ്പന്നത്തിന് ശുചിത്വ മിഷന്റെ അംഗീകാരവും കയർഫെഡിന് ലഭിക്കുകയുണ്ടായി. ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ഡോ. കെ.ആർ. അനിൽ, സയന്റിസ്റ്റ് സൗമ്യ റ്റി.വി, കയർ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മേധാവി അജിത്ത് മത്തായി, എന്നിവരുടെ ശ്രമഫലമായാണ് ഈ അംഗീകാരം നേടിയെടുത്തത്. ഇതിന്റെ

അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 18 ടൺ ഇനോക്കുലേറ്റഡ് പിത്തിന്റെ ആദ്യ ഓർഡർ കയർഫെഡിന് ലഭിച്ചു.

ഈ ഓർഡർ ലഭിക്കുന്നതിന് വിശദമായ പരിശോധനാ റിപ്പോർട്ട് ചെന്നൈയിലുള്ള ലാബിൽ നിന്നും കയർ പ്രോജക്ട് യൂണിറ്റ് അംഗമായ അജിത്ത് മത്തായിയുടെയും, ധ്രുവിന്റെയും നേതൃത്വത്തിലാണ് നേടിയത്. ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ശുചിത്വ മിഷൻ അംഗീകാരം ലഭിച്ചത്.

കയർഫെഡിന് ലഭിച്ച ഓർഡർ ഉൽപ്പാദനത്തിലേയ്ക്ക് നയിക്കുന്നതിനു കയർഫെഡ് പ്രോജക്ട് വിഭാഗം മേധാവി രോഹിത്ത് ജോസഫ് മുൻകൈയ്യെടുത്തു. ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉൽപ്പാദന സാങ്കേതിക വിദ്യ പകർന്നു നൽകുകയും കയർഫെഡിലെ മാർക്കറ്റിംഗ് വിഭാഗം ആദ്യ സപ്ലൈ ഓർഡർ 2020 ജൂൺ മാസം പൂർത്തീകരിച്ചു. കയർഫെഡിന്റെ ഈ പുതിയ പാതയിലൂടെയുള്ള സഞ്ചാരത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് 135 ടൺ ഇനോക്കുലേറ്റഡ് പിത്തിന് വീണ്ടും ഓർഡർ ലഭിച്ചു.

അടുത്ത പടിയായി കേരളത്തിലുടനീളമുള്ള കോർപ്പറേഷനുകളെയും മുനിസിപ്പാലിറ്റികളെയും പഞ്ചായത്തുകളെയും സമീപിച്ച് ഈ ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുക എന്നതാണ്. ഇതിലേയ്ക്ക് ശക്തമായ നീക്കങ്ങൾ കയർ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും കയർ പ്രോജക്ട് യൂണിറ്റിന്റെയും ദേശീയ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹായത്തോടെ കയർഫെഡ് നടത്തിവരികയാണ്.

### 1) എന്താണ് ഇനോക്കുലന്റ്

ലാക്ടോബാസിലാസ്, സ്ടെപ്റ്റോമൈസസ്, ആക്ടിനോ മൈസെസ്, അസ്പെർ ഗില്ലാസ്, ടൈക്കോർഡെർമ എന്നീ ബാസിലസ് വിഭാഗങ്ങളിൽപ്പെട്ട അനേകം സൂക്ഷ്മ ജീവികളുടെ കോളനികൾ ഉൾപ്പെട്ട ഒരു കൺസോർഷ്യം ആണ് ഇനോക്കുലന്റ്. പ്രകൃതിയിലെ ഏറ്റവും നല്ല വിഘാടകർ എന്ന നിലയിൽ ഈ സൂക്ഷ്മജീവികൾക്ക് എല്ലാവിധ ജൈവമാലിന്യങ്ങളെയും സംസ്ക്കരിക്കുന്നതിനുള്ള ശേഷിയുണ്ട്.

### 2) ഇനോക്കുലന്റിന്റെ പ്രവർത്തനം

അടുക്കളമാലിന്യങ്ങളിൽ ഇവയെ നിക്ഷേപിക്കുക വഴി ഈ സൂക്ഷ്മ ജീവികൾ മാലിന്യത്തെ അവയുടെ ആഹാരം ആക്കി മാറ്റി ഉപോൽപ്പന്നം ആയി ഫലഭൂയിഷ്ഠമായ കമ്പോസ്റ്റ് (ജൈവവളം) നിർമ്മിച്ച് നൽകുന്നു.

### 3) ഇനോക്കുലന്റിന്റെ സാങ്കേതികവിദ്യ

വ്യവസായിക അടിസ്ഥാനത്തിൽ ഇനോക്കുലേറ്റഡ് പിത്ത് നിർമ്മിക്കുന്നതിനായി പ്രത്യേകം സംസ്കരിച്ച ബാക്ടീരിയൽ കൺസോർഷ്യവും ആവശ്യമായ മറ്റ് ചേരുവകകളും സൂക്ഷ്മ ജീവികളുടെ ആഹാരം ആയ ശർക്കരപാനിയും കൂടി ചേർത്ത് പിത്ത് ആക്ടിവേറ്റർ തയ്യാറാക്കി നൽകുന്നത് ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആണ്. എൻ.സി.ആർ.എം.ഐയുടെ ഡയറക്ടർ ഡോ. കെ.ആർ. അനിൽ, സയന്റിസ്റ്റ് റ്റി.വി. സൗമ്യ എന്നിവരുടെ നേതൃത്വത്തിൽ ഉള്ള ടീം ആണ് ഇത് വികസിപ്പിച്ചത്.

### 4) ഇനോക്കുലേറ്റഡ് പിത്തിന്റെ ഉപയോഗം

ഉറവിട മാലിന്യ സംസ്കരണത്തിന് ഏറ്റവും ഫലപ്രദമായ ഇനോക്കുലേറ്റഡ് പിത്തിന്റെ ഉപയോഗം കേരളത്തിലെ പ്രധാനപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞു. മാലിന്യം നിക്ഷേ




പിക്കുന്നതിന് സുഷിരങ്ങളോട് കൂടിയ ബിന്നും ഇനോക്കുലേറ്റും ചേർന്ന ബയോബിൻ എന്ന സംവിധാനം 90 ശതമാനം സബ്സിഡിയോട് കൂടി ശുചിത്വ മിഷന്റെ നിയന്ത്രണത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരികയാണ്.

### 5) ഇനോക്കുലേറ്റഡ് പിത്ത് നിർമ്മാണം

ബയോബിൻ സാങ്കേതികവിദ്യയുടെ അടിസ്ഥാന ഘടകമായ ഇനോക്കുലന്റ് സ്വാഭാവികമായി ദ്രവ രൂപത്തിലാണ് നിർമ്മിച്ചെടുക്കാൻ സാധിക്കുക. എന്നാൽ ദ്രവരൂപത്തിലുള്ള ഈ ബാക്ടീരിയൽ കൺസോർഷ്യത്തിന് ആയുസ്സ് വളരെ കുറവായിരിക്കും. ഈ പരിമിതി മറികടക്കുകയും, ബാക്ടീരിയൽ കൺസോർഷ്യത്തിന്റെ ലളിതവും സുരക്ഷിതവുമായ ഉപയോഗം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഇപ്പോൾ ഏറ്റവും പ്രായോഗികമായി സ്വീകരിച്ച് വരുന്ന രീതി ഇതിനെ ചകിരിച്ചോറുമായി സംയോജിപ്പിക്കുക എന്നതാണ്. അനേകം സുഷിരങ്ങളോടു കൂടിയ ഘടന ഉള്ളതിനാൽ ഈർപ്പം പരമാവധി സമയം സംഭരിച്ച് സൂക്ഷിക്കുന്നതിന് സാധിക്കും എന്നത് ചകിരി ചോറിന്റെ മേന്മ ആണ്. ഈ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ദ്രവരൂപത്തിൽ ഉള്ള ബാക്ടീരിയൽ കൺസോർഷ്യത്തെ ചകിരി ചോറിലേക്ക് നിശ്ചിത അനുപാതത്തിൽ സംയോജ്ജിപ്പിക്കുന്നു. ഒപ്പം ജൈവമാലിന്യങ്ങൾ ലഭിക്കുന്നത് വരെ സൂഷ്മജീവികൾക്ക് ആഹരിക്കുന്നതിനായി നേർപ്പിച്ച ശർക്കരപാനിയും ഇതോടൊപ്പം ചേർക്കുന്നു. തന്മൂലം ഈ ബാക്ടീരിയ കൺസോർഷ്യം ഖരപ്രകൃതം നിലനിർത്തിക്കൊണ്ട് 4 മാസത്തോളം ചകിരി ചോറിനുള്ളിൽ കേട് കൂടാതെ നിലനിൽക്കും. ഈ വസ്തു ആണ് ഇനോക്കുലേറ്റഡ് പിത്ത് എന്ന് അറിയപ്പെടുന്നത്.

### 6) മാർക്കറ്റ് അനുമാനം

കേരളത്തിൽ ആകെ 941 ഗ്രാമപഞ്ചായത്തുകൾ 87 മുനിസിപ്പാലിറ്റികൾ 6 മുൻസിപ്പൽ കോർപ്പറേഷനുകൾ എന്നിവയാണ് ഉള്ളത്. ശുചിത്വമിഷൻ മുന്നോട്ട് വെക്കുന്ന കണക്കുകൾ പ്രകാരം ഒരു ശരാശരി കുടുംബ

ത്തിന് അവരുടെ ഗാർഹികമായ മാലിന്യം കംമ്പോസ്റ്റ് ചെയ്യുന്നതിന് പ്രതിമാസം 9 കിലോ ഗ്രാം ഇനോക്കുലേറ്റഡ് പിത്ത് ആവശ്യമാണ്. ഈ കണക്ക് പ്രകാരം കേരളത്തിൽ ഏകദേശം 50,000 മെട്രിക്ക് ടൺ ഓളം ഇനോക്കുലേറ്റഡ് പിത്തിന് ഡിമാൻഡ് ഉള്ളതായി അനുമാനിക്കാം.

### 7) കയർഫെഡിന്റെ കാൽവെയ്പ്പ്

കയർഫെഡിന് ഇതിനോടകം തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് ഏകദേശം 150 ടൺ ഇനോക്കുലേറ്റഡ് പിത്തിന്റെ ഓർഡർ ആണ് ലഭിച്ചത്.

### 8) ഗവൺമെന്റിൽ നിന്നുള്ള സഹായ പ്രതീക്ഷ

കേരളത്തിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ടെൻഡർ കൂടാതെ ഇനോക്കുലേറ്റഡ് പിത്ത് (ശുചിത്വമിഷന്റെ അംഗീകാരം ഉള്ള) കയർഫെഡിൽ നിന്നും വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചാൽ ഈ രംഗത്തെ കയർഫെഡിന്റെ കുതിപ്പിന് വളരെ അധികം സഹായകരമാകും.

### 9) കയർഫെഡിന്റെ പദ്ധതി രൂപരേഖകൾ

തിരുവനന്തപുരം കോർപ്പറേഷന്റെ സപ്ലൈർ എന്ന തുടക്കത്തിൽ നിന്നും കേരളത്തിലെ മറ്റ് കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയിലേക്ക് കൂടി വിപണനം വർദ്ധിപ്പിക്കുകയും ഇതോടൊപ്പം തന്നെ കേരളത്തിലെയും, ഇന്ത്യയിലെയും റീട്ടെയിൽ മാർക്കറ്റ് രംഗത്തേക്ക് കടക്കുകയും ചെയ്യുക എന്നതാണ് കയർഫെഡ് വിഭാവനം ചെയ്യുന്നത്.

ഭാവിയിൽ കയർഫെഡിന് മറ്റ് ബിസിനസ് യൂണിറ്റുകളെക്കാൾ വ്യാപാരം നേടി എടുക്കുന്നതിനുള്ള ഒരു ബൃഹത്ത് സംരംഭം ആയി ഇനോക്കുലേറ്റഡ് പിത്ത് നിർമ്മാണവും വിപണനവും മാറ്റി എടുക്കുന്നതിന് ഈ പുതിയ കാൽവയ്പ്പ് സഹായിക്കും.

കയർഫെഡിന്റെ ഈ സംരംഭത്തിന് ബഹു. ധനകാര്യ കയർ വകുപ്പ് മന്ത്രി. ഡോ. ടി.എം. തോമസ് ഐസക്ക് അവർകളുടെ ആശീർവാദവും ബഹു. കയർ സെക്രട്ടറി ശ്രീ. എൻ. പത്മകുമാർ ഐ.എ.എസിന്റെയും കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാറിന്റെയും, വൈസ് പ്രസിഡന്റ് ജോഷി എബ്രഹാമിന്റെയും കയർഫെഡ് ഭരണ സമിതിയുടേയും മാർഗ്ഗനിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും നിർലോഭം ലഭിച്ചിരുന്നു.

കൂടാതെ തിരുവനന്തപുരം കോർപ്പറേഷന്റെ ബഹു. മേയർ ശ്രീ. കെ. ശ്രീകുമാർ, ഹെൽത്ത് ആഫീസർ ഡോ. ശശികുമാർ, ശുചിത്വ മിഷൻ ഡയറക്ടർ, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സയന്റിസ്റ്റ് രഞ്ചിത്ത്, ബഹുമാനപ്പെട്ട ധന, കയർ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. എം. ഗോപകുമാർ, പി.എ ശ്രീ. ആർ. അജിത്ത് കുമാർ, ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ, ഹെൽത്ത് ഇൻസ്പെക്ടർമാർ, അഡീഷണൽ കയർ ഡയറക്ടർ ശ്രീ.കെ.എസ്. പ്രദീപ് കുമാർ, ഡെപ്യൂട്ടി രജിസ്ട്രാർ തോമസ് ജോൺ, സ്പെഷ്യൽ ഓഫീസർ സി. അഭിഷേക്, എന്നിവർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

●

## കയർ വികസനവകുപ്പ് 100 ദിന പരിപാടികൾ

**ക**യർ വികസന വകുപ്പിൽ നടപ്പിലാക്കുന്ന 100 ദിന പരിപാടികൾ സംസ്ഥാന ധന കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് പ്രഖ്യാപിച്ചു. പ്രധാന പരിപാടികൾ ചുവടെ

- കയർ സഹകരണ സംഘങ്ങളിൽ 10 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ (എ.എസ്.എം) ഒരു യൂണിറ്റ് എന്ന നിലയിൽ ഇപ്പോൾ സ്ഥാപിച്ചു വരുന്ന എ.എസ്.എം കളുടെ എണ്ണം നവംബർ 30 നകം 1200 ആയി ഉയർത്തും.
- ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന ആയിരാമത്തെ എ.എസ്.എം ഉൾപ്പെടുന്ന സംഘം ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
- നവംബർ മാസത്തോടെ ഡി.എഫ് മില്ലുകളുടെ എണ്ണം 200 ആയി ഉയർത്തും
- ഇരുനൂറാമത്തെ ഡി.എഫ് മില്ല് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
- ആധുകസൗകര്യങ്ങളോടുകൂടിയ ഓട്ടോമാറ്റിക് ലൂം ഫാക്ടറികൾ രണ്ട് എണ്ണം ആലപ്പുഴയിൽ നവംബർ മാസത്തോടെ ഉദ്ഘാടനം ചെയ്യും
- ഒക്ടോബർ മാസത്തിൽ കയർ യാൺ മ്യൂസിയം ഉദ്ഘാടനം ചെയ്യും
- നവംബർ 30 ഓടെ കയർഫെഡിന്റെ കയർ യാൺ സംഭരണം 20000 ടൺ ആയി ഉയർത്തും
- സംഘങ്ങൾക്ക് പി.എം.ഐ നൽകുന്നതിന് കൂടുതൽ തുക അനുവദിക്കും
- കയർ ഉൽപ്പാദനം ഉയർന്ന തോതിൽ നൽകുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പ്രത്യേക സ്കീം നടപ്പിലാക്കും
- കയർ കോർപ്പറേഷന്റെ ആഭ്യന്തരവിപണി പി.എം.യുവിന്റെ സഹായത്തോടുകൂടി വിപുലപ്പെടുത്തും, നവംബർ മാസത്തോടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവ് ആർജ്ജിക്കും
- എ.എസ്.എം സ്ഥാപിച്ച് ഫാക്ടറി ടൈപ്പായി മാറുന്ന സംഘങ്ങൾ ഓഗസ്റ്റ് 15 ന് ശേഷം ധന കയർ വകുപ്പ് മന്ത്രി തുടർച്ചയായി ഓൺലൈനായി ഉദ്ഘാടനം ചെയ്യും
- എ.എസ്.എം സ്ഥാപിച്ച സംഘങ്ങളെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കും
- കയർ വികസന വകുപ്പ് കയർ ബുള്ളറ്റിൻ എന്ന പേരിൽ ന്യൂസ് ലെറ്റർ 2020 സെപ്റ്റംബർ മുതൽ പ്രസിദ്ധീകരിക്കും
- കയർ കോർപ്പറേഷൻ സാനി മാറ്റിന്റെ വിപണനം അടിയന്തിരമായി ആരംഭിക്കും
- KSCMMC, കണ്ണൂർ, കേരള ക്ലേയിസ് & സെറാമിക്സിൽ സ്ഥാപിക്കുന്ന ഡി.എഫ് മില്ലുകളുടെ നിർമ്മാണം വേഗത്തിലാക്കും

കേരളത്തിലെ ആദ്യകാല കയർ സംഘങ്ങളുടെ ചരിത്രവും പ്രവർത്തനങ്ങളും പ്രതിപാദിക്കുന്ന 'ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ' എന്ന ഒരു പംക്തി ഈ ലക്കം മുതൽ കയർ വ്യവസായം മാസികയിൽ ആരംഭിക്കുകയാണ്. ഇത്തരം സംഘങ്ങളെക്കുറിച്ച് സചിത്ര ഫീച്ചറുകൾ ക്ഷണിച്ചുകൊള്ളുന്നു.

**(ചീഫ് എഡിറ്റർ)**



# ആദ്യകാല കയർ സഹകരണ സംഘങ്ങളിലൂടെ....

**എൻ.എസ്. മോഹൻദാസ്**

## വാഴമുട്ടം കയർവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 3061



*1962-ൽ ഉദ്ഘാടനം ചെയ്ത തിരുവല്ലം -പാച്ചല്ലൂർ കയർ വ്യവസായ സഹകരണ സംഘം ഓഫീസ്*

തിരു-കൊച്ചി വ്യവസായ മന്ത്രിയായിരുന്ന എൻ. കുഞ്ഞിരാമന്റെ കാലത്ത് ആരംഭിച്ച കയർ വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് 1950-ൽ വാഴമുട്ടം ആസ്ഥാനമായി തിരുവല്ലം-പാച്ചല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 3061 നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ മുല്ലൂർ വരെയുള്ള പ്രദേശമായിരുന്നു ആദ്യകാലത്ത് സംഘത്തിന്റെ പ്രവർത്തന മേഖല. പിന്നീട് ഇവിടെ മറ്റു കയർ സഹകരണ സംഘങ്ങളും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതോടുകൂടി, വാഴമുട്ടം കയർ വ്യവസായ സഹകരണ സംഘം എന്ന് പേര് മാറ്റുകയായിരുന്നു. കേരളത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ സമുന്നത നേതാവും നിയമസഭാഗവും പാർലമെന്റ് അംഗവുമായിരുന്ന പി. വിശ്വംഭരന്റെ നേതൃത്വത്തിലാണ് ഈ കയർ സഹകരണ സംഘം രൂപീകരിച്ചത്.

സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കയർപിരി ജില്ലയായിരുന്നു തിരുവനന്തപുരം. ഇപ്പോഴത്തെ കന്യാകുമാരി ജില്ലയിൽപ്പെട്ട മണവാളകുറിച്ചി മുതൽ കാപ്പിൽ വരെ നീണ്ടുകിടക്കുന്ന വിപുലമായ ഈ കയർപിരി മേഖലയായിരുന്നു തിരുവിതാംകൂറിലെ കയർ ഉൽപ്പാദനത്തിന്റെ 65 ശതമാനവും സംഭാവന ചെയ്തിരുന്നത്.

കയർ പിരി, തൊണ്ട് സംഭരണം വിപണനം, മാർക്കറ്റിംഗ് എന്നീ മേഖലകളിൽ പ്രാഥമിക സംഘങ്ങൾ സംഘടിപ്പിച്ചുകൊണ്ട് കയർ വികസന പദ്ധതി, ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ നടപ്പിലാക്കി തുടങ്ങി. കയർ വികസന പദ്ധതിയുടെ ഭാഗമായി സ്ഥാപിതമായ ആദ്യ കയർ സംഘങ്ങളിൽ ഒന്നാണ് ഇപ്പോൾ വാഴമുട്ടം കയർ വ്യവസായ സഹകരണ സംഘം എന്നറിയപ്പെടുന്ന തിരുവല്ലം പാച്ചല്ലൂർ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 3061. ഈ സംഘം 1950 ജൂൺ 3-ന് രജിസ്റ്റർ ചെയ്ത് 1950 ജൂൺ 26 മുതൽ പ്രവർത്തനം ആരംഭിച്ചു. സംഘത്തിന്റെ ആദ്യ പ്രസിഡന്റ് അഡ്വ.വി. ഗോവിന്ദനും ഹോണററി സെക്രട്ടറി പി.വിശ്വംഭരനുമായിരുന്നു.

*1962-ൽ അന്നത്തെ കേരള സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി കെ.എ.ദാമോദര മേനോൻ സംഘം ഓഫീസിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. പി,വിശ്വംഭരൻ എം.എൽ.എ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. സംഘം പ്രസിഡന്റ് പി.മാധവൻ സമീപം.*

വാഴമുട്ടം കയർ സഹകരണ സംഘത്തിന്റെ സ്ഥാപകനായ പി.വിശ്വംഭരൻ, സോഷ്യലിസ്റ്റ് നേതാവ്, സ്വാതന്ത്ര്യസമരസേനാനി, പത്രപ്രവർത്തകൻ, നേമം മണ്ഡലത്തിൽ നിന്നുള്ള നിയമസഭാംഗം, തിരുവനന്തപുരത്തുനിന്നുള്ള പാർലമെന്റ് അംഗം എന്നീ നിലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചിരുന്നു.

ആലപ്പിസെൻട്രൽ കയർ മാർക്കറ്റിംഗ് സംഘം പ്രസിഡന്റ്, കയർഫെഡ് സ്ഥാപക വൈസ് പ്രസിഡന്റ്, തിരു-കൊച്ചി പത്രപ്രവർത്തക യൂണിയൻ സ്ഥാപക ജനറൽ സെക്രട്ടറി, എൽ.ഡി.എഫ് രൂപീകരണത്തോടെ മുന്നണിയുടെ ആദ്യ കൺവീനർ തുടങ്ങി അനേകം പ്രവർത്തനമേഖലകളിൽ നിറസാന്നിദ്ധ്യമായിരുന്ന ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. പി.വിശ്വംഭരന്റെ നേതൃത്വത്തിൽ വാഴമുട്ടം കയർ സഹകരണ സംഘത്തിൽ ഒട്ടേറെ പ്രമുഖ വ്യക്തികൾ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

സംഘത്തിന്റെ ഓഫീസ് കെട്ടിടം 1962-ൽ അന്നത്തെ സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി കെ.എ.ദാമോദര മേനോൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര വാണിജ്യ വകുപ്പ് ഡെപ്യൂട്ടി മന്ത്രി എം.എസ്.ഖുറേഷി, പ്രമുഖ സോഷ്യലിസ്റ്റ് നേതാവും എംപിയുമായിരുന്ന എൻ.ശ്രീകണ്ഠൻനായർ എന്നിവർ 1967ൽ സംഘം സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

മിനിമം കൂലിയ്ക്കും തൊഴിലിനും വേണ്ടിയുള്ള കയർ തൊഴിലാളികളുടെ രണോത്സുക പോരാട്ട ചരിത്രത്തിൽ അത്യുജ്ജ്വല സംഭാവന നൽകിയ തീരദേശഗ്രാമമാണ് വാഴമുട്ടം. കയർതൊഴിലാളിസമരജാഥയ്ക്കുനേരെ 1972ൽ നടന്നപോലീസ് വെടിവയ്പ്പും സഖാവ് വാഴമുട്ടം അമ്മുവിന്റെ രക്തസാക്ഷിത്വവും കയർതൊഴിലാളി സമര ചരിത്രത്തിലെ ഒളിമങ്ങാത്ത ഏടാണ്.

ഈ സംഘത്തിൽ ആകെ 333 അംഗങ്ങളും 35 തൊഴിലാളികളുമാണുള്ളത്. സംഘത്തിൽ 15 പരമ്പരാഗത റാട്ടുകളും 30 യന്ത്രവൽകൃത റാട്ടുകളും, 5 ഇലക്ട്രോണിക് റാട്ടും, 3 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകളുമാണുള്ളത്. സംഘത്തിന് 72 സെന്റ് സ്ഥലവും 8800 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടവും സ്വന്തമായിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി ശരാശരി പ്രതിവർഷം 150 മുതൽ 200 വരെ കിന്റൽ കയർ ഉൽപ്പാദനം നടക്കുന്നു. സംഘത്തിൽ അഞ്ചുതെങ്ങ്, മുപ്പിരി, ചാരച്ചല്ലി എന്നീയിനം കയറാണ് ഉൽപ്പാദിപ്പിക്കുന്നത്.



എൻ.ശ്രീകണ്ഠൻ നായർ



പി.വിശ്വംഭരൻ



അഡ്വ. വി.ഗോവിന്ദൻ



*കേന്ദ്ര വാണിജ്യ വകുപ്പ് ഡെപ്യൂട്ടി മന്ത്രി എം.എസ്.ഖുറേഷി, പ്രമുഖ സോഷ്യലിസ്റ്റ് നേതാവും എംപിയുമായ എൻ.ശ്രീകണ്ഠൻനായർ എന്നിവർ 1967ൽ സംഘം സന്ദർശിച്ചപ്പോൾ. പി.വിശ്വംഭരൻ എം.പി സമീപം.*

സംഘത്തിന്റെ സ്ഥാപക നേതാവ് പി.വിശ്വംഭരന്റെ സ്മരണയ്ക്കായി പുതിയതായി നിർമ്മിച്ച പി.വിശ്വംഭരൻ സ്മാരക ഹാൾ സംസ്ഥാന ധനം കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. എം.എൽ.എ മാരായ മാത്യൂ ടി.തോമസ്, ഒ.രാജഗോപാൽ, അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ, പാലോട് രവി, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ എന്നിവർ പങ്കെടുത്തു.

സംഘത്തിന്റെ ആദ്യ പ്രസിഡന്റ് അഡ്വ.വി.ഗോവിന്ദനാണ്. തുടർന്ന് റ്റി.ജി. അച്യുതൻ, പി.വിശ്വംഭരൻ, പി. മാധവൻ, വി.സദാശിവൻ, കെ.വിശ്വനാഥൻ, വി. രാധാകൃഷ്ണൻ എന്നിവരും സംഘം പ്രസിഡന്റുമാരായിട്ടുണ്ട്. വാഴമുട്ടം കയർ സഹകരണ സംഘത്തിന്റെ സെക്രട്ടറിമാരായി എസ്.കെ.സുരേന്ദ്രൻ, ജി.സദാശിവൻ, കെ.വിശ്വനാഥൻ, എസ്. പ്രഭാകരൻ, എസ്.വി. സുനു എന്നിവരും വിവിധ കാലങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കയർ ഉൽപ്പാദനത്തിനുപുറമെ പ്രദേശത്തെ സാമൂഹിക-സാംസ്ക്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലും നിരവധി പ്രവർത്തനങ്ങൾ സംഘം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

ഒരു കാലത്ത് ഈ കയർ വ്യവസായ സഹകരണ സംഘം ഈ പ്രദേശത്തെ തൊഴിലാളികളുടെ ഏക ആശ്രയ കേന്ദ്രമായിരുന്നു. നിലവിൽ സംഘത്തിന്റെ പ്രവർത്തനം ഡി. ബിജോയ് പ്രസിഡന്റും ശ്യാം നടേശൻ. എൻ.എസ് സെക്രട്ടറിയുമായുള്ള ഭരണസമിതിയാണ് നിർവ്വഹിക്കുന്നത്.

തെക്കൻ തിരുവിതാംകൂറിലെ കയറിന്റെ നാട് എന്നറിയപ്പെടുന്ന ചിറയിൻകീഴ് കയർ പ്രോജക്ടിനുകീഴിൽ നെയ്യാറ്റിൻകര കയർ സർക്കിളിലാണ് വാഴമുട്ടം കയർ സഹകരണ സംഘം പ്രവർത്തിക്കുന്നത്. ചരിത്രപരമായി കയർ വ്യവസായത്തിന്റെ കേന്ദ്രമായാണ് ഈ തീരപ്രദേശം അറിയപ്പെട്ടിരുന്നത്.

റോഡ്, റെയിൽ, വ്യോമഗതാഗതം, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നിങ്ങനെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും കൈയ്യെത്തും ദൂരത്ത് ലഭ്യമായ ഒരു പ്രദേശമാണ് വാഴമുട്ടം. അഴുക്കൽ തൊണ്ടിൽ നിന്നുള്ള സുവർണ്ണ നാരുകളാൽ ഉൽപ്പാദിപ്പിക്കുന്ന അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള കയർ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇവിടെ പരമ്പരാഗത രീതിയിലും ഇപ്പോഴും കയർ ഉൽപ്പാദനം നടക്കുന്നുണ്ട്.

ഉയർന്ന ഉൽപ്പാദന ചെലവും താഴ്ന്ന ഉൽപ്പാദന ക്ഷമതയും ആവശ്യത്തിനുള്ള തൊഴിലാളികളുടെ അഭാവവും നേരിടുന്നുണ്ട്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള മികച്ച യന്ത്രവൽകൃത റാട്ടുകൾ എത്തിക്കുന്നതിൽ സർക്കാരിന്റെ ഇടപെടലുകൾ ഉണ്ടായതോടുകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന രണ്ടാം കയർ പുനസംഘടനാ പദ്ധതി കയർ വ്യവസായത്തിന്റെ സമഗ്രവികസനമാണ് ലക്ഷ്യം വയ്ക്കുന്നത്.



**ഡി. ബിജോയ്**
(സംഘംപ്രസിഡന്റ്)



**ശ്യാം നടേശൻ. N.S.**
(സംഘം സെക്രട്ടറി)

പുതുതലമുറയെ ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ കയർ വ്യവസായം വികസനകുതിപ്പിലാണ്. ഇതിനെല്ലാം സാക്ഷ്യയായി ചരിത്രമുറങ്ങുന്ന വാഴമുട്ടം കയർ സഹകരണ സംഘവും.




*പി.വിശ്വംഭരൻ സ്മാരക ഹാൾ സംസ്ഥാന ധന കയർ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു. എം.എൽ..എ മാരായ മാത്യൂ ടി.തോമസ്, ഒ.രാജഗോപാൽ, അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ, പാലോട് രവി, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ എന്നിവർ സമീപം.*

# സ്വർണ്ണവർണ്ണ പഥങ്ങളിലൂടെ കയർവ്യവസായം



**ജോഷി എബ്രഹാം,**
**വൈസ് പ്രസിഡന്റ്, കയർഫെഡ്**

നൂറ്റാണ്ടുകളായി അറിയപ്പെടുന്ന കയർവ്യവസായത്തിന്റെ ഉറവിടം കേരളമാണ്. കേരളത്തിന്റെ വൈവിദ്ധ്യമാർന്ന ജൈവസാംസ്ക്കാരിക സാഹചര്യങ്ങൾ കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ എക്കാലത്തും വലിയ പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെതീരപ്രദേശങ്ങളും അതിനോടുചേർന്ന ഗ്രാമങ്ങളും പ്രധാന വരുമാന മാർഗ്ഗമായി കണ്ടിരുന്നത് കയർവ്യവസായത്തെയാണ്. ജനങ്ങൾക്ക് വ്യാപകമായി തൊഴിൽ നൽകുന്നതിനാലും, ഗണ്യമായ തോതിൽ വിദേശനാണ്യവും റവന്യൂവും സമ്പാദിച്ചുതരുന്നതിനാലും ഈ വ്യവസായത്തെകേരളത്തിന്റെദേശീയ വ്യവസായമെന്ന് വിളിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും അതിലൂടെ കോടിക്കണക്കിന് വിദേശനാണ്യം നേടിത്തരികയും ചെയ്ത മേഖലയാണ് കയർ മേഖല.



അഴുക്കിയ തൊണ്ടിൽ നിന്നും മനുഷ്യാധ്വാനം ചാർത്തി വേർതിരിക്കുന്ന സ്വർണ്ണവർണ്ണ നാര് ലോകഭൂപടത്തിൽ കേരളത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. കേരളത്തിന്റെ കായലോര പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽമേഖലയായിരുന്നതു കൊണ്ട് തൊണ്ട് സംസ്ക്കരണവും, കയർ ഉൽപ്പാദനവും അനുബന്ധ തൊഴിലുകളും ചെയ്തുകൊണ്ട് മിക്കവാറും ജനങ്ങളും അവരുടെ കുലത്തൊഴിലായി കയറിനെ സ്വീകരിച്ചു. അതുകൊണ്ടുതന്നെ കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായമായി കയർവ്യവസായം മാറുകയും ചെയ്തു.

പ്രാകൃത ഭാഷയിലെ 'കസഡാ'-യിൽ നിന്നോ സംസ്കൃതത്തിലെ 'കശാ' (നാരുകൾ ചേർന്ന ചരട്) എന്നതിൽ നിന്നോ ആണ് കയർ എന്ന പദം ഉണ്ടായത്. എന്നാൽ കയർ എന്ന പദം അറബികളിൽ നിന്ന് മനസ്സിലാക്കി യൂറോപ്യരെ പരിചയപ്പെടുത്തിയത് മാർക്കോപോളോ ആണ്. അറബി സാഹിത്യകാരന്മാരുടെ വിവരണ രേഖയിൽ എ.ഡി.11-ാം നൂറ്റാണ്ടിൽ കപ്പലുകളിൽ കയർ ഉപയോഗിച്ചിരുന്നതായി കാണാം. എ.ഡി.13-ാം നൂറ്റാണ്ടിൽ കപ്പൽ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത് ഇൻഡ്യൻ കയർ ആണെന്ന് മാർക്കോപോളോയുടെ ചരിത്രരേഖകളിലും ഉണ്ട്.

അറബി കപ്പലുകളുടെ പലകകൾ തമ്മിൽ വെള്ളം കയറാതെ കൂട്ടിയോജിപ്പിക്കുന്നതിനും, കപ്പലുകളിലെ പായ്മരങ്ങളിൽ പായ് ഉറപ്പിക്കുന്നതിനും കയർ ഉപയോഗിച്ചുവന്നിരുന്നു. ഇൻഡ്യയിൽ കയർ ഉൽപ്പാദിപ്പിക്കുന്നത് പ്രധാനമായും കേരളത്തിലാണ്.കേരളത്തിലെകയർവ്യവസായം കേന്ദ്രീകരിച്ചത് ആലപ്പുഴയിലും കോഴിക്കോടുമാണ്.

തൊണ്ട് അഴുക്കിയെടുക്കുന്നതിന് ഉപ്പുരസമുള്ള ജലാശയം വേണമെന്നതിനാൽ കടലോര പ്രദേശത്ത് കുടിൽ വ്യവസായമായി കയറുൽപ്പാദനം വളർന്നു. 6 മാസം മുതൽ 10 മാസം വരെ ജലാശയങ്ങളിൽ ഇട്ടുമൂടി അഴുക്കിയെടുക്കുന്ന തൊണ്ട് തല്ലി ചകിരിയാക്കുന്നത് സ്ത്രീകളായിരുന്നു. ഇട്ടുമൂടുവാൻ സഹായിക്കുന്നത് പുരുഷന്മാരും. തൊണ്ട് തല്ലി ലഭിക്കുന്ന ചകിരി നീളമുള്ളതും സ്വർണ്ണ നിറമുള്ളതുമായിരുന്നു. ഈ ചകിരിനാരിനെ 'സ്വർണ്ണ വർണ്ണ നാര്' (GOLDEN FIBRE) എന്ന് വിദേശികൾ വിളിച്ചു. പ്രാരംഭ ഘട്ടങ്ങളിൽ കൈകൊണ്ടു മാത്രമാണ് കയർ പിരിച്ചിരുന്നത്. പിൽക്കാലത്ത് കയർ റാട്ടിൽ പിരിക്കുവാൻ തുടങ്ങിയതോടെ വ്യവസായത്തിന് അഭിവൃദ്ധി കൈവന്നു. ആലപ്പുഴയിലും തൊട്ടടുത്ത ഗ്രാമങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന കയറിനെക്കുറിച്ചും, ജലഗതാഗത-തുറമുഖ സൗകര്യങ്ങളെക്കുറിച്ചും മനസ്സിലാക്കിയതോടെ, ജയിംസ് ഡാറ എന്ന സായ്പ്പ് ആലപ്പുഴയിൽ എ.ഡി.1859-ൽ ഡാറാസ്മെയിൽ എന്ന് കയർഫാക്ടറി



തുടങ്ങി.

അമേരിക്കയിൽ നിന്നും മനസ്സിലാക്കിയ നെയ്ത്തിന്റെ സാങ്കേതിക വിദ്യ, ബംഗാളിലെ ചണമില്ല് ഫാക്ടറിയിലെ പരിചയം എന്നിവയിലൂടെ ഡാറാസ് മെയിൽ സ്ഥാപനത്തിനു കയർഫാക്ടറി രംഗത്തും വിജയം കൈവരിക്കുവാനായി. ലൂമുകൾ ഇവിടെ തന്നെ നിർമ്മിച്ച് ബംഗാളിലെ പരിചയസമ്പന്നരായ നെയ്ത്തു തൊഴിലാളികളെ വരുത്തി ആലപ്പുഴ പട്ടണത്തിലും ഗ്രാമ പ്രദേശങ്ങളിലും നൂറുകണക്കിന് പുരുഷന്മാരായ തൊഴിലാളികൾക്ക് പരിശീലനം നൽകിക്കൊണ്ട് കയർവ്യവസായത്തെ വിപുലീകരിച്ചു. കയറ്റുപായ്കളും, ചവിട്ടിമെത്തകളും, പരവതാനികളും ധാരാളമായി നിർമ്മിച്ചു. ആദ്യ കാലത്ത് കരപ്പുറം കയറാണ് ഉപയോഗിച്ചുവന്നത്. തുടർന്ന് കയർ സംഭരണത്തിനായി കച്ചവടക്കാരുണ്ടായി. അതോടെ തൊണ്ട് തല്ലി ചകിരി പിരിച്ച് കയർ ഉൽപ്പാദിപ്പിച്ച സ്ത്രീകളുടെ വരുമാനം വർദ്ധിച്ചു. ഇത് കയർതൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും വഴിവെച്ചു. അവരുടെ ഇടയിലെ പട്ടിണിയും ദാരിദ്ര്യവും അകന്നു പോകാനുംഇടയാക്കി.

10 മാസം വരെ ഇട്ടുമൂടുന്ന അഴുക്കിയ തൊണ്ടിൽ നിന്നും ലഭിക്കുന്ന ചകിരി നാരിനു നീളക്കൂടുതലും സ്വർണ്ണനിറവും ഉള്ളതുകൊണ്ട് അതുപയോഗിച്ച് ആകർഷകമായ അനേകം ഉൽപ്പന്നങ്ങൾ നിർമ്മിച്ചു. നന്നായിഅഴുകാത്ത തൊണ്ടുകളിലെ ചകിരിയിൽ പിരിച്ച കയറുകളിൽ കരട് മൂലം പലയിടങ്ങളിലും, തടിപ്പും നിറഭേദവും ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഇവ ചായം മുക്കി പല വർണ്ണങ്ങളുള്ള കയറ്റുപായ്കളും, ചവിട്ടികളും ആയി രൂപകൽപ്പന ചെയ്തു. ഡാറാസ്മെയിൽ കയറുൽപ്പന്നങ്ങൾ വിദേശങ്ങളിലേയ്ക്കു കയറ്റി അയച്ചു.

യൂറോപ്പ്, ആസ്ട്രേലിയ, അമേരിക്ക തുടങ്ങിയ ഇടങ്ങളിൽ നിന്നും ആലപ്പുഴതുറമുഖത്ത് ആവിക്കപ്പലുകൾ നങ്കൂരമിട്ടു. ഡാറാസ്മെയിലിന്റെ ആഫീസുകൾ ലണ്ടനിലും അമേരിക്കയിലും തുടങ്ങിയതോടെ ആസ്പിൻവാൾ, പിയേഴ്സ് ലെസ്ലി, വാൾക്കാർട്ട് ബ്രദേഴ്സ്, ബോംബെ കമ്പനി, മെഡുര കമ്പനി, വില്യം ഗുഡേക്കർ ആന്റ് സൺസ് തുടങ്ങിയ യൂറോപ്യൻ കയർഫാക്ടറികളും ആലപ്പുഴയിൽ പ്രവർത്തിച്ചു തുടങ്ങി. കയർപിരി മേഖലയിൽ കൂടുതൽ സ്ത്രീകൾ സജീവമാകുകയും വിവിധയിനം കയറുകളുടെ ഉൽപ്പാദനവും ഉണ്ടായി. അഞ്ചൻകോ, ആലപ്പാടൻ, അഷ്ടമുടി, ആറാട്ടുപുഴ, മങ്ങാടൻ, വൈക്കം തുടങ്ങിയ പേരുകളിൽ കയറിന്റെ സംഭരണവും ആരംഭിച്ചു.

എ.ഡി.1860 മുതൽ ആലപ്പുഴതുറമുഖത്തു നിന്നും കയറും കയറുൽപ്പന്നങ്ങളും വിദേശ രാജ്യങ്ങളിലേയ്ക്കു കയറ്റി അയക്കുവാൻ തുടങ്ങിയിരുന്നു. 1864-65-ൽ 6.5 ലക്ഷം രൂപയുടെ കയറുൽപ്പന്നങ്ങൾ കയറ്റി അയച്ചു. അതോടെ നാടൻ കയർഫാക്ടറി ഉടമകളും പ്രത്യക്ഷപ്പെട്ടു. ആലപ്പുഴ പട്ടണത്തിൽ 40-ലധികം കയർഫാക്ടറികൾ ഉണ്ടായി. യൂറോപ്യൻ ഫാക്ടറികളിലെ പരിചയസമ്പന്നരായ തൊഴിലാളികളെ കൂടുതൽ വേതനം നൽകി നാടൻ കയർ ഫാക്ടറി ഉടമകൾ സ്വന്തമാക്കി. കയർ കയറ്റുമതി വർദ്ധിച്ചു. ആലപ്പുഴതുറമുഖ വികസനം യാഥാർത്ഥ്യമായി. കടൽപ്പാലവും ദീപസ്തംഭവും ശരവേഗത്തിൽ പൂർത്തിയായി.

ട്രാവൻകൂർ ചേംബേഴ്സിന്റെ കണക്കിൽ തന്നെ 1939-ൽ 11,000-ത്തിലധികം ഫാക്ടറി തൊഴിലാളികൾ ആലപ്പുഴ പട്ടണത്തിൽ മാത്രം പണിയെടുത്തിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 1914 മുതൽ 1918 വരെ നടന്ന ഒന്നാം ലോകമഹായുദ്ധക്കാലത്ത് യൂറോപ്യൻ കയർമാർക്കറ്റ് നഷ്ടപ്പെട്ടെങ്കിലും, കയർ മേഖലയിലെ കയറ്റുമതി വർദ്ധിക്കുകയാണ് ഉണ്ടായത്. യുദ്ധാവശ്യങ്ങൾക്കുവേണ്ടിയുള്ള കയറുൽപ്പന്നങ്ങളുടെ ആവശ്യം വർദ്ധിച്ചതുകൊണ്ടാണ് കയറ്റുമതി വർദ്ധന കൈവരിക്കാനായത്.

യുദ്ധാനന്തരം കയറുൽപ്പന്നങ്ങളുടെ ആവശ്യവും, വിപണനവും സർവ്വകാല റെക്കോർഡിലെത്തി. കയർവ്യവസായം ആലപ്പുഴ തുറമുഖപട്ടണത്തെ തിരുവിതാംകൂർ രാജ്യത്തെ ഏറ്റവും വലിയ മൊത്ത വ്യാപാര കേന്ദ്രമാക്കി മാറ്റി. കൊപ്ര, വെളിച്ചെണ്ണ, മലഞ്ചരക്ക്, പിണ്ണാക്ക്, പച്ചക്കപ്പ, ഉണക്ക കപ്പ, അടക്ക, ഉപ്പ് തുടങ്ങിയ സാധനങ്ങളുടെയും മൊത്ത വ്യാപാര കേന്ദ്രമായി ആലപ്പുഴ മാറിയതോടെ കൂടുതൽ പേർക്ക് തൊഴിൽ ലഭിച്ചു. ആലപ്പുഴ തുറമുഖത്തിന്റെ ടണ്ണേജ് പടിപടിയായി വർദ്ധിച്ചുകൊണ്ടിരുന്നു. ഇംഗ്ലണ്ട്, അമേരിക്ക, ഇറ്റലി, ജപ്പാൻ, പോളണ്ട്, ഡെൻമാർക്ക്, ഹംഗറി, പോർച്ചുഗൽ തുടങ്ങിയ രാജ്യങ്ങളിലെ കപ്പലുകൾ കയറ്റുമതിക്കായി ആലപ്പുഴ തുറമുഖത്തു നങ്കൂരമിട്ടു കിടക്കുക പതിവായി.

**(തുടരും)**

രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി
200 ചകിരി മില്ലുകൾ നവംബർ മാസത്തോടുകൂടി
സംസ്ഥാനത്ത് പ്രവർത്തനക്ഷമമാകും.
ഇതിനകം 150ലേറെ മില്ലുകൾ പൂർത്തിയായി.
ചകിരിമില്ലുകൾ വിവിധ സ്ഥലങ്ങളിൽ
മന്ത്രി ഡോ. ടി.എം. തോമസ് ഐസക്
ഉദ്ഘാടനം ചെയ്തു.



കോഴിക്കോട് ജില്ലയിലെ ചകിരി മില്ലിന്റെ ഉദ്ഘാടനം മന്ത്രി
ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു.
വി.കെ.സി മമ്മദ് കോയ എം.എൽ.എ സമീപം.



കായംകുളം മഹാദേവിക്കാട് കയർ സഹകരണസംഘത്തിൽ സ്ഥാപിച്ച
ചകിരിമില്ല് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കും
പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും
ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. കയർഫെഡ് ചെയർമാൻ
അഡ്വ. എൻ. സായികുമാർ, കയർ കോർപ്പറേഷൻ ചെയർമാൻ
ടി.കെ. ദേവകുമാർ, മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ
അഡ്വ. കെ. പ്രസാദ് തുടങ്ങിയവർ സമീപം.

# കയർഫെഡ് കോവിഡ് കെയർ മെത്ത വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവായി

**കോ**വിഡ് 19 മഹാമാരി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ കോവിഡ് ചികിത്സക്കായി സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഒരുക്കുന്ന ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലേക്ക് ആവശ്യമായ കോവിഡ് കെയർ മെത്ത കയർ വികസന വകുപ്പിന്റെ കീഴിലുള്ള കയർഫെഡ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി തദ്ദേശ സ്വയം ഭരണ വകുപ്പ് 27-7-2020-ൽ **GO(Rt)No.1409/2020/LSGD** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

ആകെ ഒരു ലക്ഷം മെത്ത വിതരണം ചെയ്യുന്നതിനാണ് ഇതുവഴി സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 50000 മെത്ത കയർഫെഡാണ് വിതരണം ചെയ്യുന്നത്. ഇനിനകം 20,000 മെത്തകൾ വിതരണം ചെയ്തു. കൂടുതൽ മെത്തകൾ വിപണനത്തിനായി സജ്ജമായിട്ടുണ്ട്.




*പ്രളയബാധിതർക്ക് 50% ഡിസ്ക്കൗണ്ടിൽ കയർഫെഡ് മെത്തകളുടെ വിപണനോദ്ഘാടനം സജി ചെറിയാൻ എം.എൽ.എ നിർവഹിക്കുന്നു. മുൻ മുൻസിപ്പൽ ചെയർമാൻ ജോൺ മുളങ്കാട്ടിൽ, കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.എൽ. സജികുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ എം. പുഷ്ക്കരൻ, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി. സുനിൽ എന്നിവർ സമീപം.*




മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി/ചെക്ക് ആയി നിങ്ങളുടെ വാർഷിക വരിസംഖ്യ അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്, പി.ബി. നമ്പർ.4616, ആലപ്പുഴ - 688012 ഫോൺ - 0477 2243628/29

# കേരളത്തിലെ കയർത്തൊഴിലാളി സംഘടനയിൽ സ്ത്രീകൾക്കുള്ള പ്രാധാന്യം



**ഷീല നാസർ**
**ഇന്റേണൽ ഓഡിറ്റ് ആഫീസർ**
**കയർഫെഡ്**

**കേ**രളത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലയുടെ പരിവർത്തനത്തിനും സമ്പദ് വ്യവസ്ഥയുടെ രൂപീകരണത്തിലും സംഭാവന ചെയ്തിട്ടുള്ള മേഖലകളിലൊന്നാണ് കയർ വ്യവസായം. കേരളത്തിന്റെ കായലോരപ്രദേശങ്ങളിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മേഖലയായി തൊണ്ടു സംസ്ക്കരണവും കയർ ഉൽപ്പാദനവും അനുബന്ധ തൊഴിലുകളും തദ്ദേശീയ ജനപദം അവരുടെ കുലത്തൊഴിലായി സ്വീകരിച്ചിരുന്നു, അതുകൊണ്ടു തന്നെ കേരളത്തിലെ പരമ്പരാഗത വ്യവസായമായി കയർ വ്യവസായം മാറുകയും ചെയ്തു. കേരളത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുകയും ചെയ്യുന്ന മേഖലയാണിത്.

1950 കളിലും 60 കളിലും വ്യവസായത്തിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്നു. കയർ തൊഴിലാളികൾ മഹാഭൂരിപക്ഷവും സ്ത്രീകളായിരുന്നു. കേരളത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുന്ന തൊണ്ട് സംഭരിച്ച് ജലാശയങ്ങളിലും കുളങ്ങളിലും മൂടി ചീയിച്ച് കറകളഞ്ഞ് ചീക്കതൊണ്ട് സ്ത്രീകൾ തല്ലി ചകിരിച്ചോറുകളഞ്ഞ് കൈകൊണ്ടു തന്നെ കയർ പിരിക്കുന്ന രീതിയായിരുന്നു ആദ്യം ഉണ്ടായിരുന്നത്. വീട്ടിലിരുന്ന് കൈകൊണ്ട് കയറുപിരിച്ച് കടകളിലും ചന്തകളിലും നൽകി ലഭിക്കുന്ന തുകയ്ക്ക് സാധനങ്ങൾ വാങ്ങി ഉപജീവനം നടത്തിയിരുന്ന നിരവധി കുടുംബങ്ങൾ കേരളത്തിന്റെ കായലോരങ്ങളിലും ഗ്രാമീണ മേഖലകളിലും കഴിഞ്ഞിരുന്നു.

കയർ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കൈവന്നതോടുകൂടി കയറിന്റെ ഡിമാന്റ് കൂടുകയുണ്ടായി. കൈകൊണ്ടു പിരിച്ചുവന്ന പിരി രീതി റാട്ടുകളിലേയ്ക്കു മാറി. അഞ്ചുതെങ്ങും മങ്ങാടനും വൈക്കവുമെല്ലാം റാട്ടുകളിൽ പിരിച്ചു തുടങ്ങി. ഒരു റാട്ടിൽ മൂന്ന് സ്ത്രീ തൊഴിലാളികൾ സ്ഥിരം പണിയെടുക്കുന്ന രീതി നിലവിൽ വന്നു. രണ്ടു പേർ പിരിക്കുകയും ഒരാൾ റാട്ട് തിരിക്കുകയും ചെയ്യുന്ന സമ്പ്രദായമായിരുന്നു. തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിച്ചിരുന്നില്ല. തൊഴിലാളി സംഘടനകൾ രൂപീകരിക്കുകയും തൊഴിലാളികളെ സംഘടിപ്പിക്കുകയും ന്യായമായ കൂലിയും മറ്റാനുകൂല്യങ്ങളും നേടിയെടുക്കുന്നതിനുള്ള പോരാട്ടങ്ങൾ കേരളത്തിലെ കയർ മേഖലയിൽ വളർന്നുവന്നു. കെ.ആർ. ഗൗരിയമ്മ, സുശീലാ ഗോപാലൻ തുടങ്ങിയ സ്ത്രീകളായ രാഷ്ട്രീയ നേതാക്കൻമാർ കയർ തൊഴിലാളികൾക്ക് നേതൃത്വം നൽകുകയും അവരുടെ നേതൃത്വത്തിൽ ഒട്ടേറെ പ്രക്ഷോഭ സമരങ്ങൾ കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുകയുമുണ്ടായി.

ഇതിന്റെ ഫലമായി നിശ്ചിതകൂലിയും മാറ്റിവെയ്ക്കപ്പെട്ട വേതനമെന്ന രൂപത്തിൽ ബോണസ്സും ലഭിച്ചു തുടങ്ങി. സ്വകാര്യ വ്യക്തികളുടെ കീഴിൽ പണിയെടുത്തുകൊണ്ടിരുന്ന സ്ത്രീകളെ സഹകരണ സംഘം അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും സംഘത്തിന് കീഴിൽ തൊഴിലാളികൾ പണിയെടുക്കുന്ന രീതിയും നിലവിൽ വന്നു. നൂറ് കണക്കിന് സംഘങ്ങളുടെ കീഴിൽ ലക്ഷക്കണക്കിന് സ്ത്രീതൊഴിലാളികൾ ആ വ്യവസായത്തിൽ പണിയെടുത്തിരുന്നു. സംഘങ്ങൾ കൃത്യമായി തൊണ്ടു സംഭരിക്കുകയും ചകിരി ഉൽപ്പാദിപ്പിക്കുകയും കൃത്യമായ കയറുൽപ്പാദനം സംഘങ്ങളുടെ കീഴിൽ നടക്കുകയും ചെയ്തു. പാവപ്പെട്ട സ്ത്രീകൾക്ക് തുച്ഛമാണെങ്കിലും കൃത്യമായ ഒരു വരുമാനം സഹകരണ സംഘങ്ങളുടെ കീഴിൽ പണിയെടുത്തതോടുകൂടി ലഭിച്ചു തുടങ്ങി. കയർ ബോർഡിന്റെയും കയർ വകുപ്പിന്റെയും സഹായങ്ങൾ സഹകരണ സംഘങ്ങൾക്ക് ലഭിച്ചതോടുകൂടി സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോയി.

കയർ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സഹായകരമായി സഹകരണസംഘങ്ങളുടെ അപ്പക്സ് ബോഡി എന്ന രൂപത്തിൽ കയർഫെഡിന് രൂപം നൽകി. കയർഫെഡ് വന്നതോടുകൂടി ഉൽപ്പാദിപ്പിക്കുന്ന കയർ



കൃത്യമായി സംഭരിക്കുന്നതിനും വിപണി കണ്ടെത്തി വിൽക്കുന്നതിനും കയർ വ്യവസായം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനും സാഹചര്യം ഒരുങ്ങി.

കയർ തൊഴിലാളികളുടെ ക്ഷേമത്തെ മുന്നിൽ കണ്ടുകൊണ്ട് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നു. കയർ തൊഴിലാളികളുടെ ചികിത്സാ സഹായം മക്കളുടെ വിദ്യാഭ്യാസ സഹായം, പെൺമക്കളുടെ വിവാഹ സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനു പുറമേ 60 വയസ്സ് തികഞ്ഞ തൊഴിലാളികൾക്ക് എല്ലാ മാസവും പെൻഷൻ നൽകുന്ന സമ്പ്രദായവും നിലവിൽ വന്നു.

കയർ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ സുരക്ഷിതത്വത്തിനും ജീവിതത്തിനും ഒരു ഉറപ്പുവരുന്ന സാഹചര്യം നിലവിൽ വന്നു. ഈ കാലഘട്ടം കയർ വ്യവസായത്തിന്റെയും അതിൽ പണിയെടുക്കുന്ന കയർ തൊഴിലാളി സ്ത്രീകളുടെയും വസന്ത കാലഘട്ടമായിരുന്നു. കേരളത്തിലെ തെങ്ങിന് രോഗബാധ വർദ്ധിക്കുകയും തന്മൂലം നാളികേര ഉൽപ്പാദനം ഗണ്യമായി ഇടിയുകയും ചെയ്തു. നാളികേരത്തിന്റെ ഉൽപ്പാദനം കുറഞ്ഞതോടുകൂടി പച്ചതൊണ്ടിന്റെ ലഭ്യത പരിമിതമായി. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നാളീകേര ഉൽപ്പാദനം വർദ്ധിക്കുകയും നാളികേര തോട്ടങ്ങളിൽ ലഭ്യമായ പച്ചതൊണ്ട് തല്ലി പച്ചതൊണ്ടിന്റെ ചകിരി കെട്ടുകളായി കേരളത്തിലേക്ക് വരികയും ചെയ്തതോടുകൂടി പരമ്പരാഗത ചകിരി ഉൽപ്പാദന രീതിയാകെ പാളി.

അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരിയെ ആശ്രയിച്ച് വ്യവസായത്തിന്റെ നിലനിൽപ്പ് മാറിയതോടുകൂടി കയർ മേഖലയിൽ പണിയെടുത്തുകൊണ്ടിരുന്ന ആയിരക്കണക്കിന് സ്ത്രീകൾക്ക് തൊഴിലില്ലാതെയായി. കയർ മേഖലയിൽ പണിയെടുത്തുകൊണ്ടിരുന്ന സ്ത്രീകൾ മറ്റ് മേഖലയിലേക്ക് ചേക്കേറി. കേരളത്തിന്റെ തീരദേശപ്രദേശങ്ങളിലാകെ കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഗണ്യമായി കുറഞ്ഞു. കയർ ഉൽപ്പന്ന വ്യവസായം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലയുമായി ബന്ധപ്പെട്ടും വൈക്കം പ്രദേശം കേന്ദ്രീകരിച്ചുമാണ് ഇന്നും കുറെ കയർ പിരി തൊഴിലാളികൾ പണിയെടുക്കുന്നത്. ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടപ്പിലാക്കികൊണ്ടു മാത്രമേ

**●● കേരളത്തിലെ സ്ത്രീകളിൽ സംഘടനാബോധവും രാഷ്ട്രീയബോധവും വളർത്തിയെടുക്കുന്നതിനും സാമൂഹിക –സാംസ്കാരിക മുന്നേറ്റത്തിൽ സ്ത്രീകളുടെ സംഘടന കേരളത്തിൽ കരുത്താർജ്ജിക്കുന്നതിനും, രാഷ്ട്രീയ നേതൃത്വത്തിലേക്ക് സ്ത്രീകൾ ഉയർന്നുവരുന്നതിനും കയർത്തൊഴിലാളികളായ സ്ത്രീകൾ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ●●**

കയർ വ്യവസായത്തിൽ നിലവിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനാവൂ. പഴയതിൽ നിന്നും വ്യത്യസ്തമായി വിദ്യാസമ്പന്നമായ ഒരു പുതുതലമുറയാണ് ഇന്നുള്ളത്. പുതുതലമുറയിലെ സ്ത്രീകളെ വ്യവസായത്തിലേക്ക് ആകർഷിക്കുവാൻ കഴിയുന്ന രീതിയിൽ ഏറ്റവും ആധുനിക രീതിയിലുള്ള യന്ത്രങ്ങളിൽ പരിശീലനം നൽകി കയറുൽപ്പാദനം വർദ്ധിപ്പിക്കുകയും ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കയർ പിരി തൊഴിലാളിയ്ക്ക് കുറഞ്ഞത് 600/-രൂപയെങ്കിലും വേതനവും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കിയെങ്കിലെ സ്ത്രീകളെ വ്യവസായത്തിലേക്ക് ആകർഷിക്കുവാനും വ്യവസായം നിലനിർത്തിപോകുവാനും കഴിയുകയുള്ളൂ. വലിയ മുതൽ മുടക്കില്ലാതെ ആയിരക്കണക്കിന് സ്ത്രീകളെ തൊഴിൽ നൽകി സംരക്ഷിക്കാൻ കഴിയുന്ന ഒരു മേഖലയായി ഇതിനെ നിലനിർത്തണം. കേരളത്തിലെ സ്ത്രീകളിൽ സംഘടനാബോധവും രാഷ്ട്രീയബോധവും വളർത്തിയെടുക്കാനും കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലയുടെ മുന്നേറ്റത്തിനും സ്ത്രീകളുടെ സംഘടന കേരളത്തിൽ കരുത്ത് ആർജ്ജിക്കുന്നതിനും നേതൃത്വപരമായ പങ്ക് കേരളത്തിലെ കയർ തൊഴിലാളികളായ സ്ത്രീകൾക്ക് നിർവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൊണ്ടാണ് മഹാകവി വയലാർ ഇങ്ങനെ പാടിയത്

‘കയറുപിരിയ്ക്കും തൊഴിലാളിയ്ക്കൊരു
കഥയുണ്ടുജ്വല സമരകഥ‘

ആശംസകളോടെ...

## NATIONAL COIR INDUSTRIES

COIR FIBRE & PITH MANUFACTURERS



+919447065328
+919995017742

KALPATHI, KOODARANJI (PO) , KOZHIKODE 673604

ആശംസകളോടെ...

YOGAM'S

With Best Compliment From

## YOGAM'S TEX

091, Easwaran Kovil (kidangu) Street,
Erode - 638 001.
Ph : 6424 - 2216668, Mob : 98427 21678
E-mail : Yogamstex@gmail.com
Website : Www.yogamstex.in

ആശംസകളോടെ...

SHAJAHAN : 9747 480 674

PC's

PATHOOR DE-FIBRES

PC AND SONS
Ph: 0494-2480363

KODINHI P.O., TIRURANGADI - 676 309, MALAPPURAM Dt.,KERALA.

ആശംസകളോടെ...

Prima

VIJAYKUMAR
Mob : 9496603630
9313889930
7907040090

## PRIMA VINYL

Manufacturer of PVC Tubing & Films

E-mail : vijayaprima@gmail.com

*FACTORY* : PLOT NO. 101, SIDCO INDUSTRIAL PARK,
CHAMPANNUR-683572, ANGAMALY SOUTH
ERNAKULAM DIST., KERALA

ആശംസകളോടെ...

## DSM TRADERS

Changanacherry, Ph: 8075597067
all kinds of fabric items



# കയർഫെഡ് ഭരണസമിതി


അഡ്വ. എൻ. സായികുമാർ
പ്രസിഡന്റ്


ജോഷി എബ്രഹാം
വൈസ് പ്രസിഡന്റ്


എസ്.എൽ. സജികുമാർ
എക്സി. മെമ്പർ


വി.എസ്. മണി
എക്സി. മെമ്പർ


എം. പുഷ്കരൻ
എക്സി. മെമ്പർ


കെ.വി. സത്യപാലൻ
എക്സി. മെമ്പർ


പ്രമീള രമണൻ
എക്സി. മെമ്പർ


ആർ. അജിത് കുമാർ
ബോർഡ് മെമ്പർ


പി.കെ. അപ്പുക്കുട്ടൻ
ബോർഡ് മെമ്പർ


ടി.എ. മോഹനൻ
ബോർഡ് മെമ്പർ


വി.എൻ. ഉണ്ണികൃഷ്ണൻ
ബോർഡ് മെമ്പർ


എ. പ്രേമൻ
ബോർഡ് മെമ്പർ


മങ്ങംതറ ദേവൻ
ബോർഡ് മെമ്പർ


എം. അമ്മിണി
ബോർഡ് മെമ്പർ


രമ മദനൻ
ബോർഡ് മെമ്പർ


ബി. സാബു
ബോർഡ് മെമ്പർ


എസ്. ശശിവർണ്ണൻ
ബോർഡ് മെമ്പർ


കെ.എ. മുഹമ്മദ്
ബോർഡ് മെമ്പർ


എൻ. പത്മകുമാർ IAS
സ്പെഷ്യൽ സെക്രട്ടറി (കയർ)


സി. സുരേഷ് കുമാർ
മാനേജിംഗ് ഡയറക്ടർ

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 27-08-2020, August 2020





കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!

**Dealership Enquiries Invited : +91 8281009840**

കയറുൽപ്പന്നങ്ങൾക്ക് **20%** പ്രത്യേക ഡിസ്കൗണ്ട്. GST Extra




**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha** : 8281009856 | **Chalakkudy** : 8281009859 | **Chengannur** : 8281009854 | **Ernakulam** : 8281009858 | **Kannur** : 8281009864 | **Kayamkulam** : 8281009850 | **Kollam** : 8281009849 | **Kottayam** : 8281009857 | **Kozhikode** : 8281009863 | **Malappuram** : 8281009862 **Mavelikkara**: 8281009852 | **Nangiyarkulangara** : 8281009853 | **Narmada (Tvm)** : 8281009845 | **Parippally** : 8281009848 | **Palakkad** : 8281009826 | **Sulthan Batherry** : 8281009865 **Thrissur** : 8281009860 | **Tirur** : 8281009861 | **Trida (Tvm)** : 8281009846 | **Ananthapuri (Tvm)**: 8281009847 | **Pathanamthitta** : 8281009873 | **Sreekaryam (Tvm)** : 9349109251

ഈ ഡിസ്കൗണ്ട് കൂപ്പണുമയി തൊട്ടടുത്ത കയർഫെഡ് ഷോറൂം സന്ദർശിക്കുക!
*ഈ ഓഫർ സെപ്റ്റംബർ 30 വരെ മാത്രം

Name : ........................................ Phone : ........................................

Address : ........................................


Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705